# കാരുണികൻ

Vol.18 No. 04 Apr. 2021

സമഗ്ര ദൈവശാസ്ത്ര മാസിക



വചനബോധി

സീറോ മലബാർ

# വചനബോധി
## സീറോമലബാർ

പത്രാധിപസമിതി
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

## ഉള്ളടക്കം

### മെയ് 02 ___ ഉയിർപ്പ് 5-ാം ഞായർ
**Page : 73** — **ഏശ 49:7–13; യോഹ 21:1–14**
- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. എബിൻ ഓരത്തേൽ CST

### മെയ് 09 ___ ഉയിർപ്പ് 6-ാം ഞായർ
**Page :79** — **ഏശ 52:7–12; യോഹ 17:20–26**
- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. ബിബിൻ ഏഴുപ്ലാക്കൽ

### മെയ് 16 ___ ഉയിർപ്പ് 7-ാം ഞായർ
**Page :84** — **ഏശ 6:1–13; മർക്കോ 16:14–20**
- ഡോ. മാത്യു ഓലിക്കൽ MCBS
- ഡോ. ലോറൻസ് കുലാസ്
- ഫാ. സുബിൻ കിടങ്ങേൻ

### മെയ് 23 ___ ശ്ലീഹാ 1-ാം ഞായർ (പന്തക്കുസ്താതിരുനാൾ)
**Page :92** — **പുറ 19:1–9; യോഹ 16:5–15**
- ഡോ. മാത്യു ഓലിക്കൽ MCBS
- ഡോ. ഡേവിസ് പനക്കൽ CMI
- ഫാ. മാത്യു ചിറയിൽ

### മെയ് 30 ___ ശ്ലീഹാ 2-ാം ഞായർ
**Page :97** — **ജോയേ 2:18–26; ലൂക്കാ 7:36–50**
- ഡോ. മാത്യു ഓലിക്കൽ
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ജോബിൻ കരിപ്പാശ്ശേരിൽ

# മെയ് 02
# ഉയിർപ്പ് 5-ാം ഞായർ

## ഭാഷ്യം

ഏശ 49:7-13 | യോഹ 21:1-14

### ഏശ 49:7-13
### സന്ദർഭം

ബാബിലോൺപ്രവാസികളായികഴിഞ്ഞ ഇസ്രായേൽ ജനത്തിന് മോചനം ആസന്നമായിരിക്കുന്നു എന്ന സദ്വാർത്തയുമായി അയയ്ക്കപ്പെട്ട രണ്ടാം ഏശയ്യാ എന്നറിയപ്പെടുന്ന(ഏശ 40:55) പ്രവാചകന്റെ വാക്കുകളാണിത്. യുദ്ധത്തിൽ തോറ്റ്, എല്ലാം നഷ്ടപ്പെട്ട ജനത്തെ ഒരു സംഘാതവ്യക്തിത്വമെന്ന നിലയിൽ കർത്താവിന്റെ ദാസൻ എന്നു വിശേഷിപ്പിക്കുന്നു. പ്രവാസം അവസാനിപ്പിച്ച്, വാഗ്ദത്തഭൂമിയായ സ്വദേശത്തേക്കു മടങ്ങിവരാൻ സമയമായെന്നു പ്രവാചകൻ അറിയിക്കുന്നു.

### സാരം

ബി.സി 587-ൽ സംഭവിച്ച ജറുസലെമിന്റെ നാശവും തുടർന്നുണ്ടായ ബാബിലോൺ പ്രവാസവും ഇസ്രായേൽജനത്തിനു വലിയ വേദനയുടെയും നിന്ദനത്തിന്റെയും അവസരമായിരുന്നു. ലോകജനതകൾക്കുമുമ്പിൽ, ഒന്നുമില്ലാത്ത അടിമകളെപ്പോലെ അവഹേളിതരായവരെ കർത്താവുതന്നെ വീണ്ടും മോചിപ്പിക്കും. ഈജിപ്തിൽനിന്നു വാഗ്ദത്തഭൂമിയിലേക്ക് നടത്തിയ പുറപ്പാടുയാത്രയെ അനുസ്മരിപ്പിക്കുന്നതും അതേസമയം കൂടുതൽ മഹത്ത്വപൂർണവും വിസ്മയാവഹവുമായിരിക്കും ഈ രണ്ടാംപുറപ്പാട്. കർത്താവ് നൽകാൻ പോകുന്ന ഈ വിമോചനം സംഭവിച്ചുകഴിഞ്ഞതായി പ്രവാചകൻ കാണുന്നു. വിമോചിതരുടെ ഈ തിരിച്ചുവരവിൽ പ്രപഞ്ചംമുഴുവൻ സന്തോഷിക്കും.

## സന്ദേശം

രക്ഷ കർത്താവിന്റെ ദാനമാണ്. പാപത്തിന്റെപേരിൽ ശിക്ഷിക്കുമ്പോഴും കർത്താവ് തള്ളിക്കളയുന്നില്ല. പാപിയുടെ മാനസാന്തരമാണ് ശിക്ഷയുടെ ലക്ഷ്യമെന്നു പ്രവാസവും മോചനവുംവഴി പഠിപ്പിക്കുന്നു. എപ്പോഴാണ് മോചനം നൽകുകയെന്നു നിശ്ചയിക്കുന്നത് കർത്താവാണ്. അതിനുവേണ്ടികാത്തിരിക്കുന്ന ജനത്തോട് പ്രവാചകൻ പറഞ്ഞ രക്ഷയുടെ ദിവസം(49:8)ഉദ്ധരിച്ചുകൊണ്ട് പൗലോസ് ഉദ്ബോധിപ്പിക്കുന്നു: "ഇപ്പോഴാണ് സ്വീകാര്യമായ സമയം. ഇതാ, ഇപ്പോൾ രക്ഷയുടെ ദിവസം" (2 കോറി 6:2). പ്രവചനങ്ങൾ യേശുവിൽ പൂർത്തിയായി. യേശുവിനെ സ്വീകരിക്കാൻ എപ്പോൾ ഹൃദയം തുറക്കുന്നുവോ അപ്പോഴാണ് രക്ഷയുടെ സമയം. അത് ഇപ്പോൾ തന്നെയാകട്ടെ.

**ഡോ. മൈക്കിൾ കാരിമറ്റം**

---

# യോഹ 21:1-14

## സന്ദർഭം

ഉത്ഥിതനെ നേരിട്ടുകാണുകയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തിട്ടും വീണ്ടും പതറിപ്പോകുന്ന ശിഷ്യന്മാരുടെ ചിത്രം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഉപേക്ഷിച്ചുപോന്ന തൊഴിലിലേക്ക് തിരിച്ചുപോകാൻ പത്രോസാണ് നേതൃത്വം നൽകുന്നത്. പന്ത്രണ്ടു പേരുടെ ഗണം ഏഴായി ചുരുങ്ങി. ഇതുവരെ ഉണ്ടായ അനുഭവങ്ങളെല്ലാം അവർ മറന്നു. തികഞ്ഞ പരാജയം. ഈ 14 വാക്യങ്ങൾക്കിടയിൽ ആറുതവണ 'ഇല്ല' എന്ന പദം പ്രത്യക്ഷപ്പെടുന്നു. ആദ്യ മൂന്നുതവണ നിഷേധാത്മകമായും പിന്നെ മൂന്നു തവണ ഭാവാത്മകമായും. രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല, കരയിൽ നിന്ന യേശുവിനെ തിരിച്ചറിഞ്ഞില്ല; വലയിൽ ഒന്നുമില്ല (21:3-4). ഈ പരാജിതരുടെ താഴ്വരയിലേക്കാണ് അവാച്യമായ കരുണയുമായി കർത്താവ് കടന്നുവരുന്നത്.

## സാരം

എല്ലാംമറന്ന്, വിട്ടുപേക്ഷിച്ചുപോന്ന പഴയജീവിതത്തിലേക്ക് തിരിച്ചുപോകുന്നവരെ ഉപേക്ഷിക്കാതെ, കർത്താവ് തേടിവരുന്നു.

അവർക്കുമനസിലാകുന്ന അടയാളം നൽകുന്നു, വലനിറയെ മീൻ! യാതൊരു കുറ്റാരോപണവും പരിഭവവും കൂടാതെ അവരെ സ്വീകരിക്കുന്നു, നിറച്ച് ഊട്ടുന്നു. ഉറക്കച്ചടവുള്ള കണ്ണുകളും ശൂന്യമായ വലയും കുറ്റബോധവും പരാജയാനുഭവവുംകൊണ്ടുനീറുന്ന ഹൃദയവുമായി കടന്നുവന്ന ശിഷ്യരെ യേശു സ്നേഹനിധിയായ ഒരമ്മയെപ്പോലെ, വാത്സല്യത്തോടെ വിളിക്കുന്നു; വിരുന്നൊരുക്കി സംതൃപ്തരാക്കുന്നു. ഒരു പുതിയ തുടക്കം. ഗലീലി തടാകതീരത്തുവച്ച് ആദ്യമായി കണ്ടുമുട്ടിയതിന്റെ ഒരാവർത്തനം. കഴിഞ്ഞതെല്ലാം മറക്കാം. വീണ്ടും തുടങ്ങാം. ദൈവത്തിന്റെ മാതൃഭാവം ഏറ്റം പ്രകടമാകുന്നൊരു ചിത്രമാണിത്. നേരം വെളുക്കുന്നതിനുമുമ്പേ തീ കൂട്ടി പ്രാതലൊരുക്കി മക്കളെ വിളിച്ചുണർത്തി, വയറുനിറയെ ഊട്ടുന്ന അമ്മവാത്സല്യം. വലയിൽകയറിയ 153 മത്സ്യം സഭയുടെ സാർവത്രിക മാനം സൂചിപ്പിക്കുന്നു. അന്നത്തെ അറിവനുസരിച്ച് 153 ഇനം മത്സ്യങ്ങളാണുണ്ടായിരുന്നത്. എല്ലാ ജനതകളെയും ഉൾക്കൊള്ളാൻ കഴിയുന്ന വലയാണ് സഭ. അതു കീറിയില്ല എന്നുപറയുന്നത് സഭയുടെ ഐക്യത്തെ സൂചിപ്പിക്കുന്നു, പടയാളികൾ കീറാതെ സൂക്ഷിച്ച അങ്കി (യോഹ 19:24)പോലെ. ബലഹീനരായ മനുഷ്യരെയാണ് യേശു സഭയുടെ നേതൃത്വം ഏൽപ്പിച്ചിരിക്കുന്നത്. അവരുടെ വീഴ്ചകൾ പരിഹരിച്ച് വീണ്ടും ശക്തിപ്പെടുത്തി വഴിനടത്തും.

## സന്ദേശം

ശിഷ്യത്വത്തിൽ പരാജയപ്പെട്ടാലും ഭയംവേണ്ടാ. എല്ലാം ക്ഷമിച്ച്, വീണ്ടും വഴിനടത്തുന്ന കർ ത്താവിന്റെ കരുണയിൽ ആശ്രയിക്കുക. കഴിഞ്ഞതെല്ലാം മറക്കാം. വീണ്ടും തുടങ്ങാം. അതാണ് ഉത്ഥിതനെ ഗലീലിയിൽവച്ച് കണ്ടുമുട്ടുന്നതിന്റെ മുഖ്യധ്വനി. തുടങ്ങിയിടത്തുനിന്നുതന്നെ വീണ്ടും തുടങ്ങാം.

**ഡോ. മൈക്കിൾ കാരിമറ്റം**

# പ്രസംഗം

## ഉത്ഥിതൻ സാധാരണജീവിതങ്ങളിൽ

ദൈവത്തെ ഭൂമിക്ക് പരിചയപ്പെടുത്തുകയെന്ന സ്വപ്നസാക്ഷാത്ക്കാരമായിരുന്നു ക്രിസ്തുവിന്റെ മനുഷ്യാവതാരരഹസ്യം. വ്യത്യസ്ത കാരണങ്ങൾകൊണ്ട് മനുഷ്യൻ തെറ്റുധരിച്ച പഴയനിയമ ദൈവസങ്കല്പം തിരുത്തപ്പെടുന്നത് പുതിയനിയമത്തിൽ ക്രിസ്തുവിലൂടെയാണ്. 33 വർഷങ്ങൾ മാത്രം ഈ ഭൂമിയിൽ ജീവിച്ച ക്രിസ്തുവിന്റെ ജീവിതത്തിന് ഒരു അസ്വാഭാവികതയുണ്ടായിരുന്നു. കാരണം, ഇന്നുവരെ കേട്ടിട്ടില്ലാത്തവിധം അത്ഭുതകരമായിരുന്നു ക്രിസ്തുവിന്റെ ജനനം. പിന്നീട് മൂന്നുവർഷം പരസ്യജീവിതകാലം അത്ഭുതങ്ങളുടെ പെരുമഴയായിരുന്നു. ക്രിസ്തുവിലുള്ള ദൈവികതലം കൂടുതൽ വരച്ചുകാട്ടപ്പെട്ടതുകൊണ്ട് ക്രിസ്തുവിനെ എത്രമാത്രം അനുഗമിക്കാൻ സാധിക്കുമെന്ന് ഒരു ആശങ്ക ഉയർന്നിരുന്നു. എന്നാൽ അതിനുള്ള വ്യക്തമായ ഉത്തരം കാണുന്നത് ഉത്ഥിതനായ ക്രിസ്തുവിലാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ ഒരു സാധാരണത്വം കാണപ്പെടുന്നുണ്ട്. മനുഷ്യൻ മനസ്സിൽപോലും കാണാത്ത ആ സാധാരണത്വംകൊണ്ടുതന്നെ ആർക്കും ക്രിസ്തുവിനെ തിരിച്ചറിയാനാകുന്നില്ല. അതിന്റെ വ്യക്തമായ ഉദാഹരണമാണ് നാം ധ്യാനിക്കുന്ന ഈ സുവിശേഷഭാഗം. 'കുഞ്ഞുങ്ങളേ' എന്ന അഭിസംബോധനയോടെ 'മീൻ വല്ലതും നിങ്ങളുടെ പക്കലുണ്ടോ' എന്ന ചോദ്യവും. അവർക്കുവേണ്ടി പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന ക്രിസ്തുവിനെ ആദ്യം അവർ തിരിച്ചറിഞ്ഞില്ല. അതായത് യുഗാന്ത്യംവരെ ക്രിസ്തു ജീവിക്കുന്നത് സാധാരണ ജീവിതശൈലികളിലൂടെയാണെന്ന് ഉത്ഥാനാനന്തര പ്രത്യക്ഷപ്പെടലുകൾ ഓർമിപ്പിക്കുന്നു. ഈ ക്രിസ്തുവിനെ കണ്ടെത്തലാണ് ഇന്നിന്റെ ആത്മീയ വെല്ലുവിളി.

ക്രിസ്തുവിന്റെ പഠനങ്ങളിലും പ്രഭാഷണങ്ങളിലും എത്രയോ സാധാരണ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. വലിയവരെന്ന് കരുതിയവരും സമൂഹത്തിൽ വലിയവരാകാൻ തനിയെ ശ്രമിച്ചവരുമൊക്കെ ക്രിസ്തുവിന്റെ ശത്രുക്കളായി മാറിയതിന്റെ കാരണവും

ഇതുതന്നെ. പറഞ്ഞ ഉപമകളിലൊക്കെ വിത്തും കർഷകനും വയലിലെ ലില്ലികളും ആകാശത്തിലെ പറവകളും വൃക്ഷങ്ങളുമൊക്കെ ആയിരുന്നല്ലോ ഇതിവൃത്തം. ഏറ്റവും പ്രധാനപ്പെട്ട സ്വർഗത്തെക്കുറിച്ച് പറഞ്ഞപ്പോഴും ഭൂമിയിലെ ചെറിയവരെ കരുതുന്നവരാണ് സ്വർഗത്തിലെ വലിയവരെന്ന് പഠിപ്പിക്കാൻ അവൻ മറന്നില്ല.

ക്രിസ്തുവിനുശേഷം അവനെ അനുഗമിച്ചിരുന്ന 12 മത്സ്യബന്ധനക്കാരുടെ നേതൃത്വത്തിലാണ് പിന്നീട് സഭ മുമ്പോട്ടുപോയത് എന്നതും ശ്രദ്ധാർഹമാണ്. ആദിമസഭയുടെ പ്രയാണംമുഴുവൻ സാധാരണ ജീവിതങ്ങളിലൂടെയായിരുന്നു. വിവിധ കുടുംബങ്ങളിലുള്ളവർ ഒന്നിച്ചുവന്ന് അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുന്നതായിരു ന്നു അവരുടെ ഏറ്റവും വലിയ ആഘോഷം. നിർഭാഗ്യവശാൽ ബൗദ്ധികമായും ഭൗതികമായും സഭ വളർന്നതോടുകൂടെ ക്രിസ്തു കാത്തുസൂക്ഷിച്ച സാധാരണത്വം കൈമോശംവന്ന് മനുഷ്യന് ഗ്രഹിക്കാൻപറ്റാത്ത പഠനങ്ങളും നിയമങ്ങളും ഉൾക്കൊള്ളുന്ന ഒരു സംഘടനാരീതിയിലേക്ക് കാര്യങ്ങൾ മാറുന്നില്ലേയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

സാധാരണത്വത്തിന്റെ വിലയും നിലയും ലോകത്തെ പഠിപ്പിച്ച വിശുദ്ധ ചെറുപുഷ്പത്തെ ഈ നിമിഷം ഓർക്കുന്നത് അർത്ഥവത്താണ്. വിശുദ്ധരാവുകയെന്നത് ഒത്തിരി ഭഗീരഥ പ്രയത്നമാണെന്ന് കരുതിയ, ഇന്നും കരുതുന്ന ലോകത്തോടായി അവൾ പറയുന്നു: "ചെറിയ കാര്യങ്ങളിൽ വലിയ ദൈവത്തെ ഉൾപ്പെടുത്തലാണ് പ്രധാനം" എന്ന്.

ഉത്ഥിതന്റെ വെളിപ്പെടുത്തലുകളിൽ ജീവിതം അല്പംകൂടി ലളിതമാക്കാൻ നാം എന്തൊക്കെ ചെയ്യണമെന്ന ആശങ്ക സ്വാഭാവികം. നോട്ട് നിരോധനമടക്കമുള്ള പല പുതിയ നിയമങ്ങളിലൂടെയും ഗവൺമെന്റ് ആഗ്രഹിക്കുന്നത് വലിയ പ്രസ്ഥാനങ്ങൾമാത്രം നിലനിർത്തി ചെറുകിടപ്രസ്ഥാനങ്ങളെ ഉന്മൂലനം ചെയ്യുകയെന്നതാണ്. അതിന്റെ പച്ചയായ തെളിവാണല്ലോ കർഷകസമരത്തിന് നേരെയുള്ള കേന്ദ്രഗവൺമെന്റിന്റെ ധാർഷ്ട്യം. ലോകത്തിന്റെ ഈ ശൈലി സഭയുടെ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ട്. പ്രാതൽ ഒരുക്കി തന്റെ ശിഷ്യർക്കുവേണ്ടി കാത്തിരിക്കുന്ന ഗുരുവിന്റെ ദൗത്യമാണ് സഭയ്ക്ക്. പലവിധ പ്രശ്നങ്ങളാൽ വേദനിക്കുന്നവർക്ക് അത്താണിയാകേണ്ട പുരോഹിതരും സമർപ്പിതരും സഭയുടെ നിലനിൽപ്പിനാണെന്ന പേരിൽ മർത്താ കണക്കെ വ്യഗ്രചിത്തരായി അല

യുന്നതുകൊണ്ട് നൽകേണ്ടത് നൽകാനാവാതാവുന്നു. കുടുംബങ്ങളിൽ തിരക്കുകൾമൂലം ആകെ ഒഴിവാക്കാൻ പറ്റുന്നത് കുടുംബപ്രാർത്ഥനകൾമാത്രമാവുന്നു.

നമ്മുടെ ഇടയിൽ ജീവിക്കുന്ന ഉത്ഥിതനെ തിരിച്ചറിയാൻ ഒരു ദർശനം ആവശ്യമുണ്ട്. കാരണം, നമ്മുടെ ശ്രദ്ധ വലിയ കാര്യങ്ങളിൽ മാത്രമാണ്. വലിയ പള്ളികൾ നിർമിച്ചും തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിച്ചും ദൈവത്തിന്റെ പേരിൽ സ്ഥാപനങ്ങൾ നടത്തിയുമൊക്കെ ദൈവത്തെ തിരിച്ചറിയാനുള്ള ശ്രമങ്ങൾ എളുപ്പമാണ്. പക്ഷേ ജീവിതത്തിൽ ഒരു പ്രത്യേകതകളുമില്ലാത്ത സാധാരണ നിമിഷങ്ങളിൽ നസ്രായനെ തിരിച്ചറിയാൻ വലിയ ത്യാഗം ആവശ്യമുണ്ട്. അതിനുവേണ്ടത് ആഴമായ ആധ്യാത്മികതയാണ്. ഒച്ചപ്പാടുകളും ബഹളങ്ങളും ഒഴിവാക്കി എന്നിലും അപരനിലും പ്രപഞ്ചത്തിലും നിറയുന്ന ദൈവത്തെ ദർശിക്കുന്നതിലേക്ക് നാം വളരട്ടെ. നാം പാടുന്ന 'ഈശ്വരനെത്തേടി ഞാൻ അലഞ്ഞു' എന്ന ഗാനത്തിന്റെ പൊരുൾ ധ്യാനിക്കുന്നത് ഉചിതമായിരിക്കും!

വ്യക്തിപ്രഭ നേടുന്നതിന് ജീവിതത്തിൽ അധികം കാര്യങ്ങളൊന്നും വേണ്ടെന്ന് സെക്കുലറായി ചിന്തിച്ചാൽ മനസ്സിലാകുന്നത് 'മഹാത്മാവ്' എന്ന് വിളിക്കപ്പെടുന്ന ഗാന്ധിജിയുടെ ജീവിതത്തിൽനിന്നാണ്. വസ്ത്രധാരണം, ആഹാരം തുടങ്ങിയ ജീവിതശൈലികളിലെ ലാളിത്യം. മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൾകലാം ലോകത്തിന്റെ വലിയ പടികൾ ഓരോന്നായി ചവിട്ടിക്കയറിയപ്പോഴും തന്റെ ജീവിതം ലളിതമാക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു.

ഒത്തിരി അത്ഭുതങ്ങൾ ചെയ്ത് മരിച്ചടക്കപ്പെട്ട് ഉയിർത്ത ക്രിസ്തുവിനേക്കാളും നമ്മുടെ ശ്രദ്ധ പതിയേണ്ടത് ഓർഡിനറിയായി ജീവിച്ച ക്രിസ്തുവിലാകട്ടെ. എന്റെ ഒപ്പം നടക്കുന്ന ക്രിസ്തുവിനെ തിരിച്ചറിയാനും അവനെ ഈ ലോകത്ത് അവതരിപ്പിക്കാനും എനിക്ക് സാധിക്കേണ്ടതുണ്ട്. ഇടയ്ക്കെങ്കിലും വലതുവശത്ത് വലയിടാൻ പറയുന്ന അവന്റെ വാക്കുകളും എനിക്കുവേണ്ടി കാത്തിരിക്കുന്ന അവനും എന്നെ സ്വാധീനിക്കുന്നുണ്ടോ.

**ഫാ. എബിൻ ഓരത്തേൽ CST**

# മെയ് 09
# ഉയിർപ്പ് 6–ാം ഞായർ

## ഭാഷ്യം

### ഏശ 52:7-12 | യോഹ 17:20-26

### ഏശ 52:7-12
### സന്ദർഭം

ബാബിലോൺപ്രവാസം അവസാനിക്കാൻ പോകുന്നു എന്നു വിളിച്ചറിയിക്കുന്ന രണ്ടാം ഏശയ്യായുടെ പ്രഘോഷണത്തിലെ സുപ്രധാനമായൊരു സന്ദേശമാണ് ഈ വചനഭാഗം. സംഭവിക്കാൻപോകുന്ന കാര്യങ്ങൾ ദൈവികദൃഷ്ടിയിലൂടെ അവതരിപ്പിക്കുന്ന പ്രവാചകൻ അവ സംഭവിച്ചുകഴിഞ്ഞതായി പ്രഖ്യാപിക്കുന്നു. ദൈവത്തിന് ഇന്നലെയും നാളെയുമില്ല; ഇന്നുമാത്രം. ദൈവം ബാബിലോണിനെ തോൽപ്പിച്ച്, സ്വതന്ത്രമാക്കിയ ജനത്തോടൊപ്പം ജറുസലെമിലേക്കു വരുന്നതാണ് പ്രവാചകൻ കാണുന്ന ചിത്രം. യുദ്ധഭൂമിയിൽനിന്നു വിജയവാർത്തയുമായി പാഞ്ഞുവരുന്ന ദൂതന്റെ ഉപമയിലൂടെ ഈ വിജയവും മോചനവും ചിത്രീകരിക്കുന്നു.

### സാരം

പുതിയനിയമത്തിന്റെ കേന്ദ്രമായി നിൽക്കുന്ന രണ്ടു പ്രമേയങ്ങളാണ് 'സുവിശേഷ'വും 'ദൈവരാജ്യ'വും. രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു; പരസ്പരം വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഈ രണ്ടുപ്രമേയങ്ങളും ഈ വചനഭാഗത്ത് ഒരുമിച്ചവതരിപ്പിച്ചിരിക്കുന്നു. '*എവൻഗെലിസോമായി*' - സുവിശേഷം അറിയിക്കുക. ഇതാണ് ആദ്യത്തേത്. ഇതിൽനിന്നാണ് സുവിശേഷം "*ഏവൻഗേ ലിയോൺ*" എന്ന വാക്കിന്റെ നിഷ്പത്തി. എന്താണ് ദൂതൻ അറിയിക്കുന്ന സുവിശേഷം? ദൈവം ഭരിക്കുന്നു! അഥവാ ദൈവം രാജാവായിരിക്കുന്നു. ജനത്തെ അടിമകളാക്കിവച്ചിരുന്ന ശത്രുക്കളെ തോ ൽപ്പിച്ച് ദൈവം തന്റെ ഭരണം സ്ഥാപിച്ചിരിക്കുന്നു. ഇതിൽനിന്നാണ് ദൈവരാജ്യത്തിന്റെ സുവിശേഷം എന്ന ആശയം രൂപപ്പെടുന്നത്. തിന്മയുടെ ശക്തി

കളെ പരിപൂർണ്ണമായി പരാജയപ്പെടുത്തിയാണ് ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുന്നത്. അതുതന്നെയാണ് ദൈവരാജ്യം, "നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും" (റോമാ 14:17) എന്നു പൗലോസ് നിർവചിക്കുന്ന യാഥാർത്ഥ്യം ദൈവിക മേഖലയിൽ പൂർത്തിയായ ദൈവരാജ്യസ്ഥാപനം ഈ ഭൂമിയിൽ പൂർണമാക്കേണമേ എന്ന് പ്രാർത്ഥിക്കാൻ യേശു പഠിപ്പിച്ചു. നാം സ്ഥിരം പ്രാർത്ഥിക്കുന്നു. അതോടൊപ്പം ജീവിതത്തെ ഈ ദൈവരാജ്യത്തിലേക്കുള്ള യാത്രയായും പ്രവാചകൻ ചിത്രീകരിക്കുന്നു.

## സന്ദേശം

മുമ്പിൽ വഴികാട്ടിയും പിമ്പിൽ കാവൽക്കാരനുമായി ദൈവം കൂടെ ഉണ്ടായിരിക്കും. അതിനാൽ ഭയം വേണ്ടാ; കണ്ണുതുറന്നുകാണുക; ഹൃദയം തുറന്നുവിശ്വസിക്കുക. സന്തോഷിക്കുക. ദൈവം കൂടെയുണ്ട്!

**ഡോ. മൈക്കിൾ കാരിമറ്റം**

# യോഹ 17:20-26

## സന്ദർഭം

'യേശുവിന്റെ പുരോഹിതപ്രാർത്ഥന' എന്നറിയപ്പെടുന്ന സുവിശേഷത്തിന്റെ (യോഹ 17:1-26) അവസാനഭാഗമാണിത്. ഈ പ്രാർത്ഥന മുഴുവനായി വായിക്കാനും നിർദേശമുണ്ട്. യോഹ 1:12 അടയാളങ്ങളുടെ പുസ്തകം എന്നറിയപ്പെടുന്നു. പരസ്യജീവിതത്തി ന്റെ വിവരണമാണിത്. ഏഴ് അടയാളങ്ങൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. 13-21 മഹത്ത്വത്തിന്റെ പുസ്തകം എന്നാണറിയപ്പെടുന്നത്. അതിൽ 5 അധ്യായങ്ങൾ (13-17)അന്ത്യഅത്താഴത്തിന്റെ പശ്ചാത്തലത്തിൽ അന്തിമോപദേശം നൽകുന്നു. 18-21 പീഡാനുഭവ-മരണ- ഉത്ഥാനം വഴിയുള്ള മഹത്ത്വീകരണവും. ഈ രണ്ടാം ഭാഗത്തിന്റെ മധ്യത്തിലാണ് പുരോഹിതപ്രാർത്ഥന. സുവിശേഷങ്ങളിലെ മുഖ്യപ്രമേയങ്ങളെല്ലാം ഈ പ്രാർത്ഥനയിൽ ചുരുക്കമായി പ്രതിപാദിക്കപ്പെടുന്നു. ഈ പ്രാർത്ഥനതന്നെ മൂന്നുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 17: 1-8 യേശു തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. 17:9-19 ശിഷ്യസമൂഹത്തിനുവേണ്ടിയും 17:20-26 സ്ഥലകാലങ്ങളുടെ അതിർത്തിവരെയുള്ള സകല ക്രിസ്തുവിശ്വാസികൾക്കുംവേണ്ടിയും പ്രാർത്ഥിക്കുന്നു.

യേശുവിന്റെ പ്രവർത്തനം, പ്രബോധനം, പ്രാർത്ഥന എന്നിവയുടെ യെല്ലാം ഉപസംഹാരംപോലെയാണ് 17:20–26 നിൽക്കുന്നത്.

## സാരം

യുഗാന്തംവരെ, ഭൂമിമുഴുവനിലുമുള്ള ക്രിസ്തുവിശ്വാസികൾക്കു വേണ്ടിയാണ് യേശു പ്രാർത്ഥിക്കുന്നത്. ഈ പ്രാർത്ഥനയിൽ കേന്ദ്ര മായി നിൽക്കുന്നത് ഐക്യമാണ്. ക്രിസ്തുവിശ്വാസികളുടെ സമൂ ഹമായ സഭയിൽ ഭിന്നിപ്പുകളുണ്ടാകും എന്ന് മുൻകൂട്ടി കണ്ടുകൊ ണ്ടുള്ള ഈ പ്രാർത്ഥനയിൽ വിശ്വാസികളുടെ ഐക്യത്തിന്റെ കേന്ദ്ര മായി എടുത്തുകാട്ടുന്നത് ത്രിയേകദൈവത്തിന്റെ ആന്തരികതതന്നെ യാണ്. പിതാവിനെയും പുത്രനെയും പൂർണമായി ഒന്നിപ്പിക്കുന്ന ഐക്യമാണ് സ്നേഹമെന്ന പരിശുദ്ധാത്മാവ്. ഈ സ്നേഹത്തിന്റെ പ്രകടനമാണ് മഹത്ത്വം. അതിനാൽ ദൈവത്തിന്റെ മഹത്ത്വം ഏറ്റം അധികം പ്രകടമായത് യേശുവിന്റെ കുരിശുമരണത്തിലാണ് (യോഹ 3:16). അതുതന്നെയായിരിക്കും ഐക്യത്തിന്റെ ഉറവിടം– കുരിശോ ളമെത്തുന്ന സ്നേഹം!

## സന്ദേശം

ക്രിസ്തുവിശ്വാസികൾ ലോകമധ്യത്തിൽ എതിർസാക്ഷ്യമായി ത്തീരുന്നുവെന്നതിന്റെ അടയാളങ്ങളാണ് സഭയിലെ പിളർപ്പുകളും അനൈക്യവും. സഭൈക്യപ്രാർത്ഥനാവാരത്തിൽ പ്രത്യേക വിചി ന്തനത്തിനായി ഈ സുവിശേഷഭാഗമാണുപയോഗിക്കുന്നത്. അതു മാത്രംപോരല്ലോ! വിവിധ സഭാ സമൂഹങ്ങൾ തമ്മിൽ മാത്രമല്ല, ഒരേ സഭയിലെ വിവിധ റീത്തുകളും ഒരേ റീത്തിലെ വിവിധ ചേരികളും അവ തമ്മിലുള്ള മത്സരങ്ങളും വലിയ എതിർസാക്ഷ്യമായിത്തീരു ന്നു. ഇവിടെയാണ് യേശു എടുത്തുകാണിച്ച, കുരിശിൽ പ്രകടമാ കുന്ന, സ്നേഹത്തിന്റെ പ്രാധാന്യം. ക്ഷമിക്കുന്ന, സഹിക്കുന്ന, ജീ വൻപോലും ത്യജിക്കാൻ സന്നദ്ധമാകുന്ന സ്നേഹംമാത്രമേ ഐ ക്യത്തിലേക്കു നയിക്കൂ. സഭയിൽ മാത്രമല്ല, രാഷ്ട്രങ്ങൾ തമ്മിലും ഒരേ രാജ്യത്തിലെ വിവിധ ജനതകൾതമ്മിലും ഒരേ കുടുംബത്തിലെ അംഗങ്ങൾ തമ്മിലും ഐക്യമുണ്ടാക്കാൻ യേശു കുരിശുമരണത്തി ലൂടെ കാണിച്ചുതന്ന സ്നേഹത്തിനുമാത്രമേ കഴിയൂ! സ്നേഹമാണ് ഐക്യത്തിന്റെ ഉറവിടം.

**ഡോ. മൈക്കിൾ കാരിമറ്റം**

# പ്രസംഗം

## നിന്റെ പ്രാർത്ഥനയിൽ അവരുണ്ടോ?

ദൈവം ഇന്നും നമ്മുടെ കൂടെയുണ്ട്. അത് നീ എന്തേ മറന്നു പോകുന്നു. വചനഭാഗത്ത് അതിനുള്ള വ്യക്തമായ ഉത്തരം ഒളിഞ്ഞിരിക്കുന്നു. ശിഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഈശോ. ഈശോ ശിഷ്യന്മാർക്കുവേണ്ടിയും അവൻവഴി വിശ്വാസം സ്വീകരിക്കാനിരിക്കുന്ന എല്ലാ ക്രൈസ്തവർക്കുംവേണ്ടിയും പ്രാർത്ഥിക്കുന്ന അവസരമാണിത്.

എങ്ങനെ ഒരാൾ മധ്യസ്ഥപ്രാർത്ഥന നടത്തണം എന്നതിന്റെ ഉദാത്തമാതൃകയാണിത്. എന്തുമാത്രം പ്രാർത്ഥനകളാണ് ഓരോ ദിവസവും നാം അർപ്പിക്കുന്നത്. പക്ഷേ അതിൽ നിന്റെ ഹൃദയമുണ്ടോ? മനസ്സുതുറന്ന് നിനക്ക് നിന്റെ ദൈവത്തോടു പ്രാർത്ഥിക്കാൻ പറ്റുന്നുണ്ടോ? ഇനിയും നിന്നിൽ വളരേണ്ട വിശ്വാസത്തിന്റെ ശേഷിപ്പുകളെ പുറത്തെടുക്കാനുള്ള വെല്ലുവിളിയാണ് ഇന്നത്തെ സുവിശേഷം. ഈശോയുമായുള്ള അഭേദ്യബന്ധത്തിൽ വളരാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം വിശുദ്ധിയിൽ ജീവിക്കാൻ കടപ്പെട്ടവരാണ്. ഈശോയുമായുള്ള ഒന്നാകൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്ക് നമ്മെ നയിക്കുന്നു. നാം ഓരോരുത്തരും രക്ഷപെട്ട് അവിടുത്തോട് ചേരേണ്ടതിനാണ് അവിടുന്ന് ഭൂമിയിലേക്ക് വന്നത്. അതിന്റെ വ്യക്തമായ ഓർമപ്പെടുത്തലാണ് ഇന്നത്തെ സുവിശേഷം.

എങ്ങനെയാണ് നാം പ്രാർത്ഥിക്കുന്നത്? എന്താണ് നാം പ്രാർത്ഥിക്കുന്നത്! ഒരു ദിവസം എത്രയോപേർ നമ്മളോട് പ്രാർത്ഥനാനിയോഗങ്ങൾ പറയാറുണ്ട്. പക്ഷെ, അതൊക്കെ നാം ദൈവസന്നിധിയിൽ എത്തിക്കാറുണ്ടോ? നമ്മുടെ ജീവിതത്തിലേക്ക് വരുന്നവരെയും അവരുടെ ജീവിതങ്ങളെയും ഇടയ്ക്ക് നിനക്ക് ഓർമിക്കാൻ കഴിയുന്നതുപോലും പ്രാർത്ഥനയാണ്. 'എനിക്ക്' എന്ന് മാറി 'അവർക്ക്' എന്ന് നമ്മുടെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തുമ്പോൾ അത് യഥാർത്ഥ പ്രാർത്ഥനയാകുന്നു. ദൈവസന്നിധിയിലേക്കുള്ള യഥാർത്ഥ അർത്ഥനയാകുന്നു.

വചനം പറയുന്നത്; “സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല” (യോഹ 15:13) എന്നാണ്. അതല്ലേ ഏറ്റവും വലിയ പാഠം. അപരനുവേണ്ടി പലവിധത്തിൽ നമുക്ക് മുറിയാൻ സാധിക്കും. അവനുവേണ്ടി പ്രാർത്ഥിക്കുന്നതും പ്രാർത്ഥനയിൽ അവനെ ഓർമിക്കുന്നതും എല്ലാം സ്നേഹമാണ്. ഇതു തന്നെയാണ് പരിശുദ്ധ കുർബാനയിൽ നാം ചെയ്യുന്നതും. എത്രയോ പേർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു. അത് പങ്കുവച്ചുതന്നതിന്റെ ഓർമയാണ് ഈ സുവിശേഷഭാഗം.

ഈ അടുത്തകാലത്ത് കണ്ട ഒരു കുഞ്ഞിന്റെ മനോഹരമായ വീഡിയോയുണ്ട്. കുരിശുവരയ്ക്കുന്ന കുടുംബം; എല്ലാവരുടെയും മുൻപിൽ ഇരുന്ന് അവരോടൊപ്പം കുരിശുവരയ്ക്കുന്ന മൂന്നു വയസ്സുകാരി പെൺകുട്ടി. അവളുടെ പ്രാർത്ഥനയാണ് വൈറലായത്. അവൾ തന്റെ വീട്ടിലെ ഓരോരുത്തരുടെയും പേരുകൾ പറഞ്ഞ് പ്രാർത്ഥിക്കുകയാണ്. അവസാനം അവൾ കൂട്ടിച്ചേർക്കുന്നു “ഈശോപ്പാ കാത്തുകൊള്ളണമേ...”

നമുക്ക് നഷ്ടപ്പെടുന്നതും ഈ നിഷ്കളങ്കമായ പ്രാർത്ഥനയാണ്. അപരന്റെ കണ്ണിൽനിന്ന് വീഴുന്ന കണ്ണീർകണങ്ങളിൽ എന്തേ നമ്മുടെ മനസ്സുപിടയാത്തത്? അവന്റെ ദുഃഖങ്ങൾ എന്തേ എന്റെ ദുഃഖങ്ങളാകാത്തത്? അവന്റെ രോഗങ്ങൾ എന്തേ എന്നെ ദുഃഖിപ്പിക്കുന്നില്ല? കാരണം ഒന്നേയുള്ളൂ; നിന്റെ പ്രാർത്ഥനകളിൽ അവരില്ല. നിന്റെ സ്നേഹത്തിൽ അവർക്ക് റോളില്ല. നമുക്ക് ഈശോ പഠിപ്പിച്ചതുപോലെ പ്രാർത്ഥിക്കാം. അവൻ പ്രാർത്ഥിച്ചതുപോലെ മറ്റുള്ളവർക്കുവേണ്ടിയും ശത്രുക്കൾക്കുവേണ്ടിപോലും പ്രാർത്ഥിക്കാം. അങ്ങനെ, നമ്മുടെ ജീവിതവും ഒരു സാക്ഷ്യമായിത്തീരട്ടെ.

**ഫാ. ബിബിൻ ഏഴുപ്ലാക്കൽ**

# മെയ് 16
# ഉയിർപ്പ് 7–ാം ഞായർ

## ഭാഷ്യം

### ഏശ 6:1-13 | മർക്കോ 16:14-20

### ഏശ 6:1-13
### സന്ദർഭം

ഏശയ്യായുടെ ജീവിതത്തെ ഏറെ സ്വാധീനിച്ച ഒന്നാണ് ദൈവാലയത്തിൽ വച്ചുണ്ടായ ദൈവദർശനവും പ്രവാചകനാകാനുള്ള വിളിയും. മറ്റുപ്രവാചകഗ്രന്ഥങ്ങളിൽനിന്ന് വ്യത്യസ്തമായി ഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ പ്രവാചകനാകാനുള്ള വിളിയുടെ വിവരണം നൽകിയിരിക്കുന്നു.

### സാരം

ഏശയ്യായുടെ ദൈവത്തെക്കുറിച്ചുള്ള ദർശനങ്ങളുടെ അടിസ്ഥാനമാണ് 6–ാം അധ്യായത്തിൽ വിവരിക്കുന്ന ദൈവദർശനം. ആദ്യഭാഗത്ത് ദൈവത്തിന്റെ ഔന്നത്യവും മഹത്ത്വവും (വാ 1:4) തുടർന്ന് തന്റെ നിസ്സാരതയും (വാ. 5:7) അവസാനം പ്രവാചകദൗത്യത്തിന്റെ പ്രത്യേകതകളും (വാ 8:13) വിവരിക്കുന്നു.

മഹോന്നതനായ ദൈവത്തിന്റെ പരിശുദ്ധിയെ ഉദ്ഘോഷിക്കുന്ന സെറാഫുകളുടെ സാന്നിധ്യത്തിൽ തന്റെ നിസ്സാരതയും അശുദ്ധിയും പ്രവാചകൻ തിരിച്ചറിയുന്നു. ദൈവസാന്നിധ്യത്തിൽമാത്രമാണ് എത്ര നിസ്സാരരാണെന്ന് നാമെന്ന് തിരിച്ചറിയുക. സ്വന്തം ജീവിതത്തിന്റെ നിസ്സാരത തിരിച്ചറിയാതെ ദൈവവുമായി ബന്ധം സ്ഥാപിക്കാനും ദൈവനിയോഗങ്ങൾ ഏറ്റെടുക്കാനും സാധിക്കുകയില്ല. അധരം ശുദ്ധീകരിക്കുന്നത് പ്രവാചകദൗത്യത്തിനായി ഏശയ്യായെ നിയോഗിക്കുന്നതിന്റെ അടയാളമാണ്.

ദൈവികസന്ദേശങ്ങൾ ശ്രവിച്ചിട്ടും ഹൃദയം കഠിനമാക്കിയ ഒരു ജനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് പ്രവാചകന് ദൈവം നൽകുന്നു

ണ്ട്. ജനത്തിന്റെ പ്രതികരണങ്ങളിൽ ശ്രദ്ധിക്കാതെ തന്റെ ദൗത്യ ത്തോട് വിശ്വസ്തത പുലർത്താനുള്ള ആഹ്വാനവുംകൂടെയാണിത്.

## സന്ദേശം

ലോകത്തിന്റെ അംഗീകാരവും കൈയടികളുമല്ല ദൈവികനിയോ ഗങ്ങൾ സ്വീകരിക്കുന്നവർക്ക് പ്രചോദനമാകേണ്ടത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ അവസാനത്തെ വാക്കല്ല ശിക്ഷ; ശിക്ഷിക്ക പ്പെട്ട ജനത്തിനിടയിൽ 'ഒരു വിശുദ്ധ ബീജം' അവശേഷിക്കും എന്ന പ്രസ്താവന ദൈവജനത്തിന്റെ നവീകരണത്തിന്റെയും തിരിച്ചുവര വിന്റെയും സൂചനയാണ്. മാനസാന്തരം അസാധ്യമായിട്ട് മാറുന്നത് ദൈവവഴികളെ ധിക്കരിച്ച് ദൈവികസന്ദേശങ്ങളെ തിരസ്കരിച്ച് ജീവി ക്കുന്നതുകൊണ്ടാണ്. ജീവിതത്തിൽ വിജയം കൈവരിക്കുന്നതിന് അത്യാവശ്യമായിവേണ്ടത് ദൈവവുമായി ആഴമേറിയ ഒരു ബന്ധം രൂപപ്പെടുത്തുക എന്നതാണ്.

**ഡോ. മാത്യു ഓലിക്കൽ MCBS**

---

# മർക്കോ 16:14-20

## സന്ദർഭം

യേശുവിന്റെ പീഢാനുഭവം ശിഷ്യന്മാരിൽ ഒരാളായ യൂദാസിന്റെ ഒറ്റക്കൊടുക്കലിലൂടെ ആരംഭിച്ച് (14:43-52) യേശുവിന്റെ മരണ ത്തോടെ അവസാനിക്കുകയാണ് (15:33-39). പീഢാനുഭവിവരങ്ങളി ലുടനീളം പ്രധാനപുരോഹിതർ, നിയമജ്ഞർ, ജനപ്രമാണികൾ എ ന്നിവർ യേശുവിനെതിരായി നിലനില്ക്കുമ്പോൾ ശതാധിപന്റെ വി ശ്വാസപ്രഖ്യാപനം (15:39) യേശുവിൽ വിശ്വസിക്കുന്നവരുടെ ശബ്ദ മായി മാറുന്നു. മരണത്തോടുകൂടി യേശുസംഭവം അവസാനിച്ചില്ല യെന്ന സത്യം യേശുവിന്റെ പുനരുത്ഥാനം (16:1-8) വിവരിച്ചുകൊണ്ട് മർക്കോസ് വ്യക്തമാക്കുന്നു. പ്രസ്തുത വിവരണത്തോടുകൂടി സുവി ശേഷം അവസാനിക്കുന്നുവെന്നാണ് പണ്ഡിത അഭിപ്രായം. തുടർ ന്നുള്ള വാക്യങ്ങൾ (16:9-20) പിൽക്കാലത്ത് മർക്കോസ് എഴുതിയ സുവിശേഷത്തോട് കൂട്ടി ചേർക്കപ്പെട്ടുവെന്നാണ് കരുതപ്പെടുന്നത്.

ഇവിടെ യേശു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റതിനുശേഷം ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്ന വിവരണങ്ങളും (16:9–14) ദൗത്യം നല്കി ശിഷ്യഗണത്തിനു പ്രേഷിതദൗത്യം നല്കുന്നതും (16:15–18) യേശുവിന്റെ സ്വർഗാരോഹണ വിവരണവും (16:19–20) കാണാം. ഇന്നത്തെ സുവിശേഷഭാഗം മേൽ പറഞ്ഞ അവസാനത്തെ രണ്ട് സംഭവങ്ങൾ ഉൾച്ചേരുന്നവയാണ്.

## സാരം

1. യേശുവിന്റെ സ്വർഗാരോഹണത്തെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ ചിത്രീകരണങ്ങളാണ് ബൈബിളിൽ നമുക്ക് ലഭിക്കുന്നത്. ലൂക്കാ എഴുതിയ സുവിശേഷത്തിലും അപ്പസ്തോലപ്രവർത്തനത്തിലും ജറുസലെമിൽ നിന്നുമാണ് യേശുവിന്റെ സ്വർഗാരോഹണം നടന്നതായി വിവരിക്കുന്നത്. എന്നാൽ മത്തായി സുവിശേഷകനും മർക്കോസ് സുവിശേഷകനും ഇത് ഗലീലിയിൽ നിന്നാണെന്ന് ചിത്രീകരിച്ചിരിക്കുന്നു. വിവരണത്തിന്റെ സ്ഥലകാലങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും സ്വർഗാരോഹണം നടന്നിരിക്കുന്നത് ദൈവിക സാന്നിധ്യം ഉൾക്കൊള്ളുന്ന പർവതശിഖരത്തിൽ നിന്നാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ലൂക്കായുടെ സുവിശേഷവും അപ്പസ്തോലപ്രവർത്തനവും യേശുവിന്റെ ഉത്ഥാനം കഴിഞ്ഞ് 40–ാം ദിനമാണ് സ്വർഗാരോഹണം സംഭവിക്കുന്നത് എന്നുകൂടി കൂട്ടിചേർക്കുന്നു. ഈ ചുരുങ്ങിയ കാലയളവിൽ യേശു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതായും ഈ വിവരണങ്ങളിൽ കാണാം. എന്നാൽ മത്തായിയും മർക്കോസും നല്കുന്ന വിശദീകരണത്തിൽ ഇപ്രകാരമൊരു കാലയളവ് സൂചിപ്പിക്കുന്നില്ല. എന്നാൽ സ്വർഗാരോഹണവേളയിൽ യേശു തന്റെ ചുറ്റും നില്ക്കുന്നവർക്കായി നല്കുന്ന ശക്തവും അടിസ്ഥാനപരവുമായ സന്ദേശത്തിനാണ് ഈ വിവരണങ്ങൾ എല്ലാം ഊന്നൽ നല്കുന്നത്.

2. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മർക്കോസ് നല്കുന്ന പ്രേഷിതദൗത്യത്തിന്റെ പൊരുൾ കണ്ടെത്താൻ ശ്രമിക്കാം. സുവിശേഷകൻ ശിഷ്യരുടെ ദൗത്യത്തിന്റെ ഉള്ളടക്കം ഒരു പ്രധാന വാക്യത്തിൽ ഉൾച്ചേർക്കുന്നു: "നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (16:15). യേശു ശിഷ്യർക്ക് നല്കുന്ന പ്രേഷിത ദൗത്യത്തിൽ പ്രകടമായി നില്ക്കുന്ന അ

ജ്ഞത "പോയി"എന്നാണ്. ഇവിടെ"പോയി"അഥവാ,"പോകുക" "go"എന്ന പ്രവൃത്തിപദത്തിൽ ചലനാത്മകതയുടെ പൂർണ്ണമായ ഉൾക്കാമ്പു നിറഞ്ഞു നില്ക്കുന്നു. സുവിശേഷകൻ വളരെ വ്യക്തമായും കൃത്യമായും ശിഷ്യർ അനുവർത്തിക്കേണ്ട യാത്രയെ -ചലനത്തെ- അടിവരയിട്ട് രേഖപ്പെടുത്തുന്നു. പ്രസ്തുത ശിഷ്യദൗത്യം യേശുവിന്റെ പ്രഘോഷണ രീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു: "അവൻ ഗ്രാമങ്ങളിൽ ചുറ്റിസഞ്ചരിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നു" (6:7). തന്റെ ദൗത്യത്തിൽ പങ്കുകാരാകാൻ ക്ഷണിക്കപ്പെട്ട ശിഷ്യരും യാത്രചെയ്ത് - സഞ്ചരിച്ച് വചനം പ്രഘോഷിക്കാൻ യേശു നിയോഗിച്ചു: "അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച്, പഠിപ്പിച്ചുകൊണ്ടിരുന്നു"(6:7a). "അവൻ തൻെറ പന്ത്രണ്ടുപേരെ അടുത്തു വിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി." (6:7b). "ശിഷ്യർ പുറപ്പെട്ട്, ജനങ്ങളോട് പ്രസംഗിച്ചു"(6:12). അങ്ങനെയെങ്കിൽ പ്രേഷിതദൗത്യം-സുവിശേഷ പ്രഘോഷണം - അടഞ്ഞ മുറിക്കുള്ളിലിരുന്നുള്ള ശുശ്രൂഷയല്ല, അത് പുറത്തേയ്ക്കിറങ്ങിയുള്ള ശുശ്രൂഷയാണെന്ന് മർക്കോസ് വിവക്ഷിക്കുന്നു.

3. മർക്കോസ് എഴുതിയ സുവിശേഷത്തിൽ യേശു നല്കുന്ന പ്രഘോഷണദൗത്യത്തിൽ 'പോകുക', അഥവാ 'പോയി' എന്ന പദം സൂചിപ്പിക്കുന്ന ചലനാത്മക എന്തിനുവേണ്ടിയാണെന്നും സുവിശേഷകൻ വ്യക്തമാക്കുന്നു. എന്തിനുവേണ്ടിയാണ് ശിഷ്യർ ചലനാത്മകരാകേണ്ടതെന്ന് വ്യക്തമാണ്: സുവിശേഷം പ്രഘോഷിക്കാൻ വേണ്ടിയാണ് ശിഷ്യർ യാത്ര ചെയ്യേണ്ടത്. ശിഷ്യരുടെ ഈ സുവിശേഷ യാത്ര "എല്ലാ സൃഷ്ടികളിലും" എത്തിക്കുന്നതിലാണ് ലക്ഷ്യം കൈവരിക്കുന്നത്. ലോകമെമ്പാടുമുള്ള സൃഷ്ടവസ്തുക്കളോട് രക്ഷാകര സന്ദേശം - സുവിശേഷം- പ്രഘോഷിക്കുന്നതിനുവേണ്ടിയാണ് ശിഷ്യർ ചലിക്കേണ്ടത്, സഞ്ചരിക്കേണ്ടത്. അങ്ങനെ സുവിശേഷപ്രഘോഷണത്തിന് ഒരു സാർവത്രികത കൈവരുന്നു.

4. അപ്പസ്തോലപ്രവർത്തനത്തിൽനിന്നുള്ള ഒന്നാം വായനയിൽ മൂന്ന് കാര്യങ്ങളാണ് ഉള്ളത്. ഒന്ന്, ലൂക്കാ സുവിശേഷവുമായുള്ള ബന്ധം (1:1-2). രണ്ട്, പീഡാസഹനത്തിനുശേഷം സ്വർഗാരോഹണം വരെയുള്ള സമയത്ത് യേശു ശിഷ്യർക്കു നല്കിയ നിർദേശങ്ങൾ (1:3-8). മൂന്ന്, സ്വർഗാരോഹണം (1:9-11). ഇതിലൂടെ സുവിശേഷ കന്റെ ലക്ഷ്യം പുതിയ സമൂഹത്തിന്റെ അടിസ്ഥാനവും പ്രവർത്തന

ലക്ഷ്യവും ശൈലിയും വ്യക്തമാക്കുക എന്നതാണ്. യേശുവിന്റെ തുടർച്ചയാണ് അപ്പസ്തോലപ്രവർത്തനം വിവരിക്കുന്ന പുതിയസമൂഹം. സർവജനങ്ങൾക്കും സുവിശേഷമറിയിക്കേണ്ട തുറവിയുള്ള സമൂഹമാണിത്. ക്രിയാത്മകതയാണ് ഈ സമൂഹത്തിന്റെ ജീവിത ശൈലി. സ്വർഗാരോഹണത്തിനുമുമ്പ് യേശു നല്കുന്ന പ്രേഷിത ദൗത്യത്തിൽ ഇത് പ്രസ്പഷ്ടമാണ്: "ജറുസലെമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (1:8). ദൈവരാജ്യത്തെക്കുറിച്ച് രാഷ്ട്രീയമായ സ്വപ്നങ്ങൾ കണ്ടിരുന്ന ശിഷ്യർക്ക് യേശുവിന്റെ മറുപടി ഒരു വെല്ലുവിളിയായി. പ്രവർത്തനനിരതരാകാനുള്ള ആഹ്വാനമാണ് സ്വർഗാരോഹണം നല്കുന്നത്. നിഷ്ക്രിയരായി വെറുതെ നോക്കി നിന്നാൽ പോരാ (1:11a "അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നതെന്ത്?"). ശിഷ്യരുടെ ദൗത്യനിർവ്വഹണയാത്ര അവിടെ ആരംഭിച്ചു. യേശുവിന്റെ രണ്ടാം വരവുവരെയുള്ള കാലഘട്ടം പ്രവർത്തനത്തിന്റെ സമയമാണ് (1:11b: "സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തന്നെ തിരിച്ചുവരും.")

## സന്ദേശം

ക്രിസ്തുശിഷ്യർ നിരന്തരം പ്രവർത്തനനിരതരാകേണ്ടവരാണ്. യേശുവിന്റെ സ്വർഗാരോഹണവും രണ്ടാം വരവും രണ്ട് അറ്റങ്ങളാണ്. ഇതിനിടയിലാണ് ക്രിസ്തു ശിഷ്യരുടെ ക്രിയാത്മകതയുടെ പ്രസക്തി. ലോകത്തെല്ലായിടത്തും യേശുവിന്റെ ദൗത്യം എത്തിക്കാനുള്ള പരിശ്രമമാണ് നമ്മുടെ മുമ്പിൽ ഉയരുന്ന വെല്ലുവിളി.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## ദൗത്യനിർവഹണത്തിലെ ത്യാഗങ്ങൾ

തെക്കെ ആഫ്രിക്കയുടെ പ്രസിഡന്റായിരുന്ന നെൽസൺ മണ്ടേല 1953 സെപ്തംബർ 21-ലെ സ്വാതന്ത്ര്യ സമരപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: സ്വാതന്ത്ര്യത്തിൽ കുറുക്കുവഴികളില്ല; മാത്രമല്ല നമ്മുടെ ആഗ്രഹപൂർത്തീകരണത്തിന്റെ കൊടുമുടിയിലെത്തുന്നതിനുമുമ്പു നമ്മളിൽ പലരും മരണത്തിന്റെ നിഴൽവീണ താഴ്‌വരയിൽക്കൂടി കടന്നുപോകേണ്ടിവരും. തന്റെ ദൗത്യത്തെക്കുറിച്ചും സ്വന്തം രാജ്യത്തിനു കൈവരാനിരിക്കുന്ന നന്മയെക്കുറിച്ചും ഓർക്കുമ്പോൾ സഹനങ്ങൾ നിസ്സാരങ്ങളായി അനുഭവപ്പെടും. ദൗത്യം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സഹനത്തെക്കുറിച്ചും അത് നിർവഹിച്ചുകഴിയുമ്പോൾ കൈവരുന്ന സന്തോഷത്തെയുമാണ് ഇവിടെ കണ്ടുമുട്ടുന്നത്.

മർക്കോസിന്റെ സുവിശേഷം 15,16 അധ്യായങ്ങൾ ദൗത്യം നിർവഹിക്കുന്നവരുടെ മനോഭാവം എപ്രകാരമായിരിക്കണം എന്ന് സൂചിപ്പിക്കുന്നതാണ്. പതിനാറാം അധ്യായത്തിന്റെ അവസാനഭാഗം യേശു തന്റെ ഉത്ഥാനാനന്തരം തന്റെ ശിഷ്യർക്ക് പ്രേഷിതദൗത്യം ഭരമേൽപ്പിക്കുന്നതാണ്. സഹനം, മരണം, ഉത്ഥാനം എന്നിവ ഒരു പ്രേഷിതദൗത്യനിർവഹണത്തിലെ ഘടകങ്ങളാണ്. ദൗത്യം നിർവഹിക്കുമ്പോൾ അതിനുള്ളിൽ അനുഭവിക്കേണ്ടിവരുന്ന പ്രതിസന്ധികളും അത് നിർവഹിച്ചുകഴിയുമ്പോൾ ഉണ്ടാകുന്ന സംതൃപ്തിയും തിരുവചനഭാഗത്ത് കാണാം. നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. (മർക്കോ 16:16) ഇതാണ് ദൗത്യം. ആ ദൗത്യനിർവഹണത്തിനകത്ത് ഉണ്ടാകാവുന്ന തിക്താനുഭവങ്ങളാണ് വിശ്വസിക്കാതിരിക്കുകയെന്നതും പിന്തള്ളപ്പെടുകയെന്നതും. എന്തെല്ലാം പ്രതികൂലാനുഭവങ്ങൾ ഉണ്ടായാലും ദൈവരാജ്യത്തിനുവേണ്ടി ത്യാഗങ്ങൾ ഏറ്റെടുത്ത് ദൈവീകദൗത്യം നിർവഹിക്കുകയെന്നതാണ് തിരഞ്ഞെടുക്കപ്പെട്ടവന്റെ കടമയെന്ന് ഇതിനുള്ളിൽ അടങ്ങിയിരിക്കുന്നു. പ്രേഷിതദൗത്യനിർവഹണത്തിനുള്ള സംരക്ഷണവും കർത്താവ് ഒരുക്കുന്നുണ്ട്. മാരകമായ എന്തുകുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും (മർക്കോ

16:18). അത് നിർവഹിച്ചുകഴിയുമ്പോൾ ഉണ്ടാകുന്ന സംതൃപ്തിയും പ്രതിഫലവുമാണ്  സ്വർഗരാജ്യം.

പഴയനിയമത്തിൽ ദൈവം തന്റെ ദൗത്യനിർവഹണത്തിനായി നിയോഗിക്കുന്ന ഏതൊരുവ്യക്തിയുടെ ജീവിതത്തിലും ഈ സഹനങ്ങളുടെ അനുഭവവും സംരക്ഷണവുമുണ്ടായിരുന്നു. അബ്രാഹം, മോശ തുടങ്ങി എല്ലാ പൂർവപിതാക്കന്മാരിലും പ്രവാചകരിലും ദൗത്യനിർവഹണത്തിനിടയിൽ അനുഭവിക്കേണ്ടിവരുന്ന തിക്താനുഭവങ്ങളുടെ നീണ്ടനിരതന്നെയുണ്ട്. ഏത് പ്രതികൂലാനുഭവമുണ്ടായപ്പോഴും അതിന് മധ്യേദൈവത്തിന്റെ സ്വരം കേൾക്കാൻ അവർ തയ്യാറായി. അതാണ് ദൗത്യം ഏറ്റെടുത്തവന്റെ മനോഭാവം. ദൈവം നൽകിയ മകനെ ദൈവത്തിനായി ബലിയർപ്പിക്കാൻ ഒരുങ്ങുമ്പോൾ ദൈവീകദൗത്യം നിർവഹിക്കുന്നവന്റെ ഉള്ളിലെ സഹനമാണ് ഉണ്ടായിരുന്നത്.  ദൈവം പറഞ്ഞ സ്ഥലമെത്തിയപ്പോൾ, അബ്രാഹം അവിടെ ഒരു ബലിപീഠം പണിതു (ഉൽപ 22:9). അവിടെ ദൗത്യനിർവഹണത്തിലുള്ള അനുസരണവും ചെയ്യുന്ന പ്രവർത്തിയിലെ സംതൃപ് തിയുമാണ് പ്രകടമാകുന്നത്. ദൗത്യനിർവഹണത്തിനിടയിൽ എന്തു പ്രതിസന്ധി നേരിട്ടാലും ദൈവം പറഞ്ഞ സ്ഥലത്തുനിൽക്കുക എന്നതാണ് യഥാർത്ഥ ദൗത്യവാഹകന്റെ ശൈലിയെന്ന് ഓർമിപ്പിക്കുകയാണ് പൂർവപിതാവായ ജോസഫിന്റെ ജീവിതം.  അത് എന്റെ കഴിവല്ല (ഉൽപ 41:16). എന്ന് ഫറവോയോട് പറയാൻ ജോസഫിനെ പ്രേരിപ്പിച്ചതും ഈ ശൈലിയാണ്. മോശയുടെ അനുഭവവും വ്യത്യസ്തമായിരുന്നില്ല. ദൈവജനം പിറുപിറുത്തപ്പോഴും പഴിചാരിയപ്പോഴും തളരാതെ നിൽക്കാൻ മോശയ്ക്ക് ധൈര്യംകിട്ടിയത് ദൈവീക ദൗത്യത്തെക്കുറിച്ചുള്ള ബോധ്യമായിരുന്നു. (പുറ 19:8).

രക്ഷയുടെ സന്ദേശവുമായി പോകുന്നവർക്കെല്ലാം പ്രതിസന്ധികളുണ്ടാകും. അവിടെ തളരേണ്ടതില്ല, അതിജീവിക്കുകയാണ് വേണ്ടത്. അതിനുള്ള കൃപയും ദൈവം ഒരുക്കിയിട്ടുണ്ട്. പ്രേഷിതദൗത്യനിർവഹണത്തിൽ വിശ്വാസവും പ്രത്യാശയുമാണ് കൈമുതലായി നമുക്കാവശ്യം. വിശ്വസിക്കുന്നവൻ രക്ഷിക്കപ്പെടും എന്ന് യേശു പറയുന്നതിലൂടെ കൈമാറുന്നത് ഈ ആത്മവിശ്വാസമാണ്. ദൈവം കൂടെയുണ്ടെന്നുള്ള ആത്മവിശ്വാസം. ആകസ്മികമായി ഉണ്ടാകുന്ന മഹാമാരികളും യുദ്ധങ്ങളും രോഗങ്ങളും നമ്മെ തളർത്താനല്ല, പ്ര

ത്യാശപകരാനുള്ളതാണ്. അവിടെ നമ്മളാരും നഷ്ടധൈര്യരാകേണ്ടതില്ല. പ്രത്യാശയോടെ ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം നിർവഹിക്കുക. അത് നിറവേറുമ്പോൾ ഉണ്ടാകുന്ന സന്തോഷം വളരെ വലുതാണ്. ഏത് ജീവിതാന്തസ്സിലുള്ളവരാണെങ്കിലും എന്ത് ജോലി ചെയ്യുന്നവരാണെങ്കിലും എവിടെ ജീവിക്കുന്നവരാണെങ്കിലും തങ്ങളുടെ ജീവിതംകൊണ്ട് ക്രിസ്തുവിനെ പ്രഘോഷിക്കേണ്ടവരാണ്. വാക്കുകൊണ്ടുപ്രവർത്തിക്കുന്നതിനേക്കാൾ ആഴം ഹൃദയംകൊണ്ട് സംവദിക്കുന്നതിനാണ്. വിശുദ്ധാത്മാക്കളായ ഫ്രാൻസിസ് സേവ്യറും മദർ തെരേസയുമെല്ലാം വാക്കുകളേക്കാൾ ഹൃദയംകൊണ്ട് ക്രിസ്തുവിനെ പകർന്നുനൽകിയവരാണ്. അവർ നമുക്കുമുമ്പിൽ കാണിച്ചുതന്ന പ്രേഷിതതീക്ഷ്ണത നൂറ്റാണ്ടുകൾക്കുമുമ്പ് ശിഷ്യന്മാരിലൂടെ കൈമാറി കിട്ടിയ അതേ പ്രേഷിതചൈതന്യംതന്നെയാണ്. വിശുദ്ധ വിൻസെന്റ് ഡി പോൾ പറയുന്നു: സുവിശേഷം പകർന്നുകൊടുക്കേണ്ടത് വിജ്ഞാനത്തിലൂടെ എന്നതിനേക്കാൾ നിങ്ങളുടെ മാതൃകാപരമായ ജീവിതത്തിലൂടെ ആകണം. പാവപ്പെട്ട ജനം ശ്രദ്ധിക്കുന്നത് നിങ്ങളുടെ വാക്കുകളേക്കാൾ നിങ്ങളുടെ ജീവിതമാണ്. നമ്മുടെ ജീവിതമാകുന്ന സന്ദേശത്തിലൂടെ ക്രിസ്തുവിനെ ലോകത്തിന് പ്രകാശിപ്പിക്കുമ്പോൾ നാം ഓരോരുത്തരും യഥാർത്ഥ പ്രേഷിതപ്രവർത്തകരാകും. നമ്മുടെ കുടുംബങ്ങളിൽനിന്നും ഈ പ്രഘോഷണം ആരംഭിക്കണം. മാതാപിതാക്കളുടെ ശൈലികൾകണ്ട് മക്കളിൽ അത് പ്രകാശിക്കണം. അവിടെയാണ് യഥാർത്ഥപ്രേഷിതദൗത്യം നടക്കുന്നത്. അനുദിനജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളിലും ക്രിസ്തു തെളിയിച്ചുതന്ന വിശ്വാസത്തിന്റെ വെളിച്ചം നഷ്ടമാകാതെ കൈമുതലായി നമുക്ക് കാത്തുസൂക്ഷിക്കാം.

**ഫാ. സുബിൻ കിടങ്ങേൻ**

# മെയ് 23
# ശ്ലീഹാ 1–ാം ഞായർ (പന്തക്കുസ്താത്തിരുനാൾ)

## ഭാഷ്യം

പുറ 19:1-9 | യോഹ 16:5-15

### പുറ 19:1-9
### സന്ദർഭം

സീനായ് ഉടമ്പടിക്കുമുമ്പ് ഇസ്രായേൽജനത്തെ ഒരുക്കുന്ന ഭാഗമാണ് പുറപ്പാട് 9-ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് നാം കാണുന്നത്. ഇസ്രായേൽജനത്തിന് തങ്ങൾ ആരുമായാണ് ഉടമ്പടിയിൽ ഏർപ്പെടുന്നത് എന്ന് വ്യക്തമായ ബോധ്യം നൽകുകയാണ് ഈ ഭാഗത്തി ലൂടെ.

### സാരം

സീനായ് ഉടമ്പടി ഉറപ്പിക്കപ്പെടുന്നത് ശക്തമായ ദൈവാനുഭവത്തിന്റെ പശ്ചാത്തലത്തിലാണ്. ദൈവാനുഭവം ജനത്തിന്റെ മനസ്സിൽ ആഴമായി പതിഞ്ഞാൽമാത്രമേ ഉടമ്പടി പാലിച്ചുജീവിക്കുന്നതിൽ ജനം ശ്രദ്ധവയ്ക്കുകയുള്ളൂ. ദൈവസാന്നിധ്യം പ്രത്യേകമാംവിധം അനുഭവവേദ്യമായ സ്ഥലമാണ് സീനായ്മല. ദൈവം ഇസ്രായേൽജനവുമായി ഏർപ്പെടുന്ന ഉടമ്പടിയിൽ മൂന്നുകാര്യങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്. ഒന്നാമത്തേത്, കഴിഞ്ഞ സംഭവങ്ങളെക്കുറിച്ചുള്ള അനുസ്മരണയാണ് (വാ.4). ഈജിപ്തിൽനിന്നുള്ള വിമോചനത്തെയും ദൈവികപരിപാലനയെയും സുരക്ഷിതത്വത്തെയുമാണ് ഇവിടെ പരാമർശിക്കുന്നത്. കർത്താവ് ചെയ്ത വലിയ കാര്യങ്ങളെ അനുസ്മരിച്ചുകൊണ്ടാണ് ദൈവജനം മുന്നോട്ടു നീങ്ങേണ്ടത്.

രണ്ടാമത്തേത്, ഇസ്രായേൽജനത്തിന് നൽകുന്ന പ്രത്യേകസ്ഥാനത്തെക്കുറിച്ചുള്ള വാഗ്ദാനമാണ് (വാ 5:6). അവർ ദൈവത്തിന് സ്വന്തം ജനവും പുരോഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും. ദൈവം ഇസ്രായേൽജനത്തെ മറ്റുജനതകളിൽനിന്ന് വേർതിരിച്ച് ത

ന്റെ ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നു. അതിനാൽ സ്വന്തം ജീവിതത്തിലൂടെ അവർ ദൈവത്തിന്റെ പരിശുദ്ധിക്ക് സാക്ഷ്യംവഹിക്കണം.

മൂന്നാമത്തേത്, ചില നിബന്ധനകളാണ്. അനുസരണവും വിധേയത്വവുമാണ് ഈ നിബന്ധനകൾ (വാ.5). ദൈവത്തോടുള്ള നിരുപാധികമായ അനുസരണവും പരിപൂർണമായ വിധേയത്വവുമാണ് ഇസ്രായേൽജനത്തെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായി നിലനിർത്തുന്നത്. ഈജിപ്തിനെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് ദൈവത്തെ ശുശ്രൂഷിക്കുന്ന ഒരു ജനമായി ഉയർത്തിയ സീനായ് ഉടമ്പടി ക്രിസ്തു സ്ഥാപിച്ച പുതിയ ഉടമ്പടിയുടെ നാന്ദിയും പ്രതീകവുമാണ്.

## സന്ദേശം

ദൈവത്തിന്റെ പ്രത്യേകജനമാകാൻ ഇസ്രായേലിനു നൽകിയ വാഗ്ദാനങ്ങൾ പുതിയനിയമ ഇസ്രായേലായ നമുക്കും അവിടുന്ന് നൽകുന്നു. നന്ദിയോടെ അനുസ്മരിക്കാം; വിശുദ്ധരായി വ്യാപരിക്കാം; അനുസരണയും വിധേയത്വവും ഉള്ളവരാകാം.

**ഡോ. മാത്യു ഓലിക്കൽ MCBS**

---

## യോഹ 16:5-15

## സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിൽ 15-ാം അധ്യായം പൂർണമായി യേശുവിന്റെ പ്രഭാഷണമാണ് തുടർച്ചയായി കാണാൻ സാധിക്കുന്നത്. എന്നാൽ 16-ാം അധ്യായത്തിൽ യേശുവിന്റെ പ്രഭാഷണത്തിനിടയ്ക്ക് ശിഷ്യരുടെ ചോദ്യങ്ങളും സംശയങ്ങളും കാണാൻ സാധിക്കും. യേശുവിന്റെ വിടവാങ്ങൽ പ്രഭാഷണത്തിനിടയ്ക്ക്, സഹായകനായ പരിശുദ്ധാത്മാവിനെക്കുറിച്ച് യേശു വ്യക്തമായ സൂചന നൽകുന്നു. യേശു വിടവാങ്ങിക്കഴിഞ്ഞാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എങ്ങിനെയായിരിക്കുമെന്ന് വിവരിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനവചനങ്ങളും ഉറപ്പും ഇവിടെ ദൃശ്യമാണ്.

## സാരം

യേശുവിനോടുള്ള വെറുപ്പും യേശുവിനെ തള്ളിക്കളയലും മാത്രമല്ല യേശുവിന്റെ പ്രഭാഷണങ്ങളുടെ അവസാനമായി കാണേണ്ടത്. അതിനെക്കാൾ ഉപരിയായി, സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് യേശുവിന്റെ വിടവാങ്ങൽ സന്ദേശത്തിന്റെ കാതൽ. യേശുവിന്റെ വേർപാട് ശിഷ്യർക്ക് ദുഃഖത്തിന് കാരണമാകുന്നുണ്ടെങ്കിലും നിർണ്ണായകമായ, ന്യായം നടത്തുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ആശ്വാസം നൽകും: പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ച് പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തും. ശിഷ്യർ 'ഇപ്പോൾ' ദുഃഖത്തിന്റെ അവസ്ഥയിലൂടെ കടന്നു പോകുമെങ്കിലും, 'പിന്നീട്' ആ ദുഃഖം സന്തോഷമായി മാറും.

## സന്ദേശം

ദുഃഖങ്ങൾക്ക് അവധി നൽകുന്നവനാണ് പരിശുദ്ധാത്മാവ്. ദുഃഖം മാനുഷികമായിരിക്കാം; എന്നാൽ യഥാർത്ഥസന്തോഷം ദൈവികമാണ്, അത് പരിശുദ്ധാത്മാവ് നൽകുന്നു. യഥാർത്ഥ സന്തോഷത്തിലേക്ക് ഒരു വ്യക്തിയെ നയിക്കേണ്ടത് യേശുവിന്റെ വചനങ്ങളോടുള്ള ആഴമായ സ്നേഹമാണ്. വചനബന്ധിതജീവിതം നയിക്കുന്നവർക്കുള്ളതാണ് യഥാർത്ഥ സന്തോഷം. തടസ്സങ്ങളും പ്രയാസങ്ങളും ജീവിതത്തിലുണ്ടാകും. യേശുവിന്റെ വിടവാങ്ങൽ വഴിയായി വിദ്വേഷം, തിരസ്കരണം തുടങ്ങി മരണംപോലും ശിഷ്യർക്ക് സംഭവിക്കാം, എന്നാൽ പരിശുദ്ധാത്മാവിന്റെ സന്തോഷങ്ങളും, ദാനങ്ങളും ഇതിനേക്കാളുപരിയാണ്. യേശുവിന്റെ പരസ്യജീവിതശുശ്രൂഷയുടെ ആരംഭത്തിൽ ഇക്കാര്യങ്ങളൊന്നും ഈശോ വെളിവാക്കിയില്ല, കാരണം അത് ശിഷ്യരുടെ രൂപീകരണത്തിന്റെ നാളുകളായിരുന്നു. എന്നാൽ യേശുവിന്റെ "സമയത്തിൽ" (അന്ത്യ വിനാഴിക) ഇതെല്ലാം യേശു വെളിപ്പെടുത്തുന്നു. ഒരു പരാജിതന്റെ മരണമായി യേശുവിന്റെ ജീവിതം കാണപ്പെടാമെങ്കിലും മഹത്ത്വത്തിന്റെ, ഉയർപ്പിന്റെ നിമിഷങ്ങൾ അതിൽ ഒളിഞ്ഞിരിപ്പുണ്ട്. ശത്രുവിന്റെ വിജയമണിക്കൂറായി ഇത് 'തോന്നാമെങ്കിലും' യഥാർത്ഥത്തിൽ ശത്രുവിന്റെ പരാജയമാണത്. ശത്രുമഥന നായകനാണ് ഈശോ.

**ഡോ. ഡേവിസ് പനക്കൽ CMI**

# പ്രസംഗം

## സഹായകനായ പരിശുദ്ധാത്മാവ്

തന്നെ ലോകത്തിലേക്കയച്ച പിതാവിന്റെ പക്കലേക്ക് യേശു തിരിച്ചുപോവുകയാണ്. യേശുവിന്റെ വേർപാടറിഞ്ഞ ശിഷ്യന്മാരുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. യേശു പോയാൽ സഹായകൻ അവരുടെ അടുക്കലേക്ക് വരും. പോയില്ലെങ്കിൽ സഹായകൻ അവരുടെ അടുക്കലേക്ക് വരികയില്ല. പരിശുദ്ധാത്മാവ് സഹായകനായി വരുന്നതാണ് ശിഷ്യർക്ക് നല്ലതെന്നാണ് യേശു പറയുന്നത്. മഹത്ത്വീകൃതനാകുന്ന യേശുവാണ് പരിശുദ്ധാത്മാവിനെ നൽകുന്നത്. യേശുവിന്റെ സ്ഥാനമാണ് പരിശുദ്ധാത്മാവ് എടുക്കുന്നത്. പരിശുദ്ധാത്മാവ് ശിഷ്യരിൽവന്നു വസിക്കുമ്പോൾമാത്രമേ അവർക്ക് യേശുവിനെ പൂർണമായും മനസ്സിലാക്കാൻ കഴിയൂ.

യേശുതന്നെ ഈ ഭൂമിയിൽ തുടരുന്നതായിരുന്നില്ല ദൈവികപദ്ധതി. ഇത് ദൈവിക പദ്ധതിയായി കണ്ട് ഇതിനോടുസഹകരിക്കുന്നതാണ് ശിഷ്യർക്ക് നല്ലതെന്നാണ് യേശു ശിഷ്യരെ ഓർമിപ്പിക്കുന്നത്. യേശുവിനെ തിരസ്കരിച്ച ലോകത്തെ പരിശുദ്ധാത്മാവ് ചില കാര്യങ്ങൾ പഠിപ്പിക്കും. ലോകത്തിന്റെ പാപത്തെപ്പറ്റി ബോധ്യപ്പെടുത്തും. ലോകം യേശുവിൽ വിശ്വസിച്ചില്ല എന്നതാണ് പാപം. ലോകത്തിന്റെ തിന്മക്കെതിരെ സാക്ഷ്യംവഹിച്ച യേശുവിന്റെ ദൗത്യം തുടരുകയാണ് പരിശുദ്ധാത്മാവ്. പാപം, നീതി, ന്യായവിധി ഇവയെപ്പറ്റി പരിശുദ്ധാത്മാവ് ലോകത്തെ ബോധ്യപ്പെടുത്തും. വിശ്വാസമില്ലാത്തതുകൊണ്ടാണ് ലോകം യേശുവിനെ ക്രൂശിലേറ്റിയത്. ലോകം കുരിശിൽ തറച്ചുകൊന്ന യേശുവിനെ ദൈവം ഉയർത്തി തന്റെ വലതുവശത്ത് ഉപവിഷ്ടനാക്കിയതുവഴി നീതിമാനായ യേശുവിനെ കുറ്റക്കാരനാക്കിയതിന്റെ പൊള്ളത്തരം ആത്മാവ് വെളിവാക്കും. പരിശുദ്ധാത്മാവ് ശിഷ്യന്മാരെ പഠിപ്പിക്കും. യേശുവിന്റെ ഉത്ഥാനശേഷമേ അവിടുത്തെ പരസ്യജീവിതകാലത്ത് പറഞ്ഞതിന്റെയും സംഭവിച്ചതിന്റെയും ശരിയായ അർത്ഥം ശിഷ്യർക്ക് മനസ്സിലാകുകയുള്ളൂ.

യേശു വെളിപ്പെടുത്തിയ എല്ലാക്കാര്യങ്ങളും ശിഷ്യർ ഗ്രഹിച്ചില്ല. യേശു വെളിപ്പെടുത്തിയ എല്ലാ സത്യങ്ങളിലേക്കും ശിഷ്യരെ നയിക്കുന്ന ദൗത്യമാണ് പരിശുദ്ധാത്മാവിനുള്ളത്. സത്യത്തിലേക്ക് നയിക്കുക. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽനിന്നും കേൾക്കുവന്നവ മാത്രമേ ശിഷ്യരോട് പറയുകയുള്ളൂ. പരിശുദ്ധാത്മാവ് ശിഷ്യരെ നയിക്കുന്നത് യേശുവിന്റെ അടുക്കലേക്കാണ്. ഓരോരുത്തർക്കും യേശു ആരായിരിക്കണം, എന്തായിരിക്കണം എന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തികൊടുക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അറിയിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് വെളിപാടുകൾ യേശുവിൽനിന്ന് സ്വീകരിച്ച് അത് ശിഷ്യരോട് പ്രഖ്യാപിക്കുന്നു. ഉത്ഥിതനായ യേശുവിനെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്നത് പരിശുദ്ധാത്മാവാണ്. അതുവഴി സഹായകനായ പരിശുദ്ധാത്മാവ് യേശുവിനെ മഹത്ത്വപ്പെടുത്തുന്നു.

**ഫാ. മാത്യു ചിറയിൽ**

# മെയ് 30
# ശ്ലീഹാ 2–ാം ഞായർ

## ഭാഷ്യം

### ജോയേ 2:18-26 | ലൂക്കാ 7:36-50

### ജോയേ 2:18-26
### സന്ദർഭം

ബാബിലോൺ വിപ്രവാസത്തിന്റെ പശ്ചാത്തലത്തിൽ ദൈവം ജനത്തിന്റെ ശിക്ഷ പിൻവലിക്കുകയും ജനത്തിന്റെ ഭാവി സുസ്ഥിര മാക്കുകയും ചെയ്യുന്നതാണ് സന്ദർഭം.

### സാരം

ദൈവത്തിന്റെ കരുണയും 'അസഹിഷ്ണുതയും' വിളിച്ചോതുന്നവയാണ് ഈ തിരുവചനങ്ങൾ. ദൈവികസ്വഭാവത്തിന്റെ ഒരു പ്രത്യേകതയാണ് അസഹിഷ്ണുത.  നിഷേധാത്മകമായ അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത്. മറിച്ച് തിന്മയെ ഇല്ലാതാക്കി നന്മയെ വിജയത്തിലെത്തിക്കുന്ന ദൈവസ്വഭാവമാണത്. ശത്രുക്കളിൽനിന്നും തിന്മയിൽനിന്നും സ്വന്തം ജനത്തെ സംരക്ഷിക്കുന്ന ദൈവത്തിന്റെ പ്രത്യേകതയെയാണ് ഈ പദം സൂചിപ്പിക്കുന്നത്.

ശിക്ഷ പിൻവലിച്ച് ദൈവജനത്തിന് സമൃദ്ധി പ്രദാനം ചെയ്യുന്നത് ദൈവത്തിന്റെ കാരുണ്യത്തിന്റെയും അസഹിഷ്ണുതയുടെയും അടയാളമാണ്. ശത്രുക്കൾക്ക് പരിഹാസപാത്രമാകാതെ തിന്മയെ ഉന്മൂലനംചെയ്ത് ജനത്തിന് സമൃദ്ധി പ്രദാനം ചെയ്യുന്ന ദൈവത്തെപ്പറ്റിയാണ് പ്രവാചകൻ സംസാരിക്കുന്നത്. നിരന്തരം ഇസ്രായേലിന്റെ മധ്യേ വസിക്കുന്ന ദൈവത്തിന്റെ സാന്നിധ്യം ഈ വാക്കുകളിൽ പ്രത്യേകമായി നിഴലിക്കുന്നുണ്ട്.

ഏതു പ്രതിസന്ധികളെയും നേരിടാൻ ഉത്തമമായ മാർഗം കർത്താവിലേക്ക് തിരിയുക എന്നതാണ്. ക്ഷാമത്തിന്റെയും വറുതിയുടെയും വിവരണങ്ങളോടെയാണ് ജോയേൽ തന്റെ പ്രവചനം ആരംഭി

ക്കുന്നത്. രക്ഷ സാധ്യമാകുന്നത് ദൈവവുമായുള്ള ബന്ധം പുന സ്ഥാപിക്കുമ്പോഴാണ്. അതുകൊണ്ടാണ് 2:12-17 ൽ അനുതാപത്തി നുള്ള ആഹ്വാനവുമായി പ്രവാചകൻ ജനത്തെ സമീപിക്കുന്നത്.

## സന്ദേശം

കർത്താവിന്റെ കാരുണ്യവും സ്നേഹവും പരിപാലനയും സംര ക്ഷണവും മനുഷ്യന് അനുഭവവേദ്യമാകുന്നത് പൂർണമനസ്സോടെ ദൈവത്തിലേക്ക് തിരിച്ചുവരുമ്പോഴാണ്. അപ്പോഴാണ് ശത്രുക്കളെ യും അവരുടെ പ്രവർത്തികളെയും ദൈവം നമ്മിൽനിന്ന് ആട്ടിപാ യിക്കുന്നത്.

**ഡോ. മാത്യു ഓലിക്കൽ MCBS**

---

# ലൂക്കാ 7:36-50

## സന്ദർഭം

ഗലീലിശുശ്രൂഷ ഏതാണ്ട് അവസാനിക്കാറാകുമ്പോൾ നടക്കു ന്ന ഒരു സംഭവമാണ് വചനഭാഗം. രോഗികളെ സുഖപ്പെടുത്തുകയും (7:1-10) മരിച്ചവരെ ഉയർപ്പിക്കുകയും (7:11-17) ചെയ്തതിന്റെ പിന്നാ ലെയാണ് യേശു, മിശിഹാ ആണോയെന്ന് ചോദിച്ചു യോഹന്നാന്റെ ശിഷ്യന്മാർ വന്നത്. പിന്നീട് തനിക്കെതിരെ പുറംതിരിഞ്ഞു നിൽ ക്കുന്നവരുടെ ഇരട്ടത്താപ്പ് ചൂണ്ടിക്കാണിച്ചുകൊണ്ട് താപസനായിവ ന്ന സ്നാപകയോഹന്നാനെയും പാപികളോടും പാവങ്ങളോടും എ ല്ലാം സൗഹൃദം പങ്കിടുന്ന തന്നെയും വിമർശിക്കുന്നതിനെപ്പറ്റി കുറ്റ പ്പെടുത്തിയതിന്റെ പിന്നാലെ രണ്ടു മനോഭാവങ്ങളെയും സമന്വയി പ്പിക്കുന്നതാണ് ഇന്നത്തെ പാഠഭാഗം (7:36-50).

## സാരം

സുവിശേഷശുശ്രൂഷയുടെ ഒരു നേർചിത്രമാണ് വചനഭാഗത്തു ള്ളത്. ആത്മീയതയുടെയും ആഢ്യത്വത്തിന്റെയും വക്താക്കളായ വരുടെ പ്രതിനിധിയായ ഫരിസേയനായ ശിമയോന്റെ മനസ്സിന്റെ കപടതയും പാപിനിയായവൾ പ്രകടിപ്പിക്കുന്ന അനുതാപത്തിന്റെ യും സ്നേഹത്തിന്റെയും നിറവും തദ്വാര അവൾ സ്വന്തമാക്കുന്ന രക്ഷയുടെ അനുഭവവുമാണ് പ്രധാനപ്രമേയം.

## സന്ദേശം

1. യേശു എന്ന സുവിശേഷത്തിന്റെ സാർവത്രികത വെളിവാകുന്ന സംഭവം. സകലജനത്തിനും സന്തോഷത്തിന്റെ സദ്വാർത്തയായി വന്നവനാണല്ലോ യേശു (2:10). യേശുവിന് ആരും അന്യരല്ല. ഫരിസേയർ ശത്രുപക്ഷത്താണെന്ന് 6:11 മുതൽ പ്രകടമാണ്. എന്നിട്ടും ശിമയോൻ എന്ന ഫരിസേയൻ യേശുവിനെ വിരുന്നിനായി ഭവനത്തിലേക്ക് ക്ഷണിച്ചപ്പോൾ മുൻവിധികളില്ലാതെ അവിടേക്ക് പോകുന്ന യേശുവിനെ കാണുന്നു. അതേ ഫരിസേയർ നിന്ദിക്കുന്ന, മാറ്റിനിർത്തുന്ന പാപിനിയായ സ്ത്രീയുടെ സ്നേഹത്തിൽ കുതിർന്ന പശ്ചാത്താപ പ്രവൃത്തികൾ സ്വീകരിക്കാനും യേശു തയ്യാറാകുന്നു. സമ്പന്നനെന്നോ, ഫരിസേയനെന്നോ തന്നെ എതിർക്കുന്നവരെന്നോ ചിന്തകൂടാതെ, അവരുടെ ആതിഥ്യം സ്വീകരിക്കാനും സംവദിക്കാനും തയ്യാറാകുന്ന യേശു നമുക്ക് തരുന്ന പാഠം വലുതാണ്. മനുഷ്യർതമ്മിൽ വച്ചുപുലർത്തുന്ന അയിത്തമനോഭാവം വെടിയാൻ, പാപിനിയായ സ്ത്രീയുടെ സാന്നിധ്യം യേശു കാരണമാക്കുന്നു. എല്ലാവരോടും തുറവോയോടുകൂടി ജീവിക്കാനാണ് യേശു നമ്മെ ക്ഷണിക്കുന്നത്.

2. മൂന്നു പീഡാനുഭവപ്രവചനങ്ങളിലൂടെ യേശു മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്യും എന്ന് അസന്നിഗ്ധമായി പറഞ്ഞിരുന്നു. എന്നാൽ അപ്പസ്തോലഗണം അത് മുഖവിലക്കെടുത്തില്ല. ഉത്ഥിതനായ യേശുവിനെ കണ്ട സ്ത്രീകളുടെ സാക്ഷ്യങ്ങളും പൂർണമായും അവരെ തൃപ്തിപ്പെടുത്തിയില്ല. എമ്മാവൂസ് ശിഷ്യർ പറഞ്ഞതും അവർ ഉൾക്കൊണ്ടില്ല. അതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് അപ്പസ്തോലസമൂഹത്തിനൊന്നാകെ പ്രത്യക്ഷപ്പെട്ട് താൻ മരിച്ച് ഉത്ഥാനം ചെയ്തു എന്ന് അവരെ ബോധ്യപ്പെടുത്തുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ആണിപ്പാടുകൾ കാണിച്ച് ബോധ്യപ്പെടുത്തുന്നത് തോമാശ്ലീഹായെ മാത്രമാണ്. ധനവാന്റെയും ലാസറിന്റെയും ഉപമയുടെ അവസാനത്തിൽ മനുഷ്യന്റെ സന്ദേഹത്തിന്റെ, വിശ്വസിക്കാനുള്ള വിമുഖതയെപ്പറ്റി പറയുന്നുണ്ട്. മരിച്ചവരിൽനിന്ന് ഒരാൾ ഉയർത്താലും അവർക്ക് ബോധ്യമാവുകയില്ല (16:31). ഇന്നും യേശുവിന്റെ ഉത്ഥാനശേഷവും നമ്മുടെ വ്യക്തിജീവിതത്തിലും ചുറ്റുവട്ടത്തും ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ പ്രത്യക്ഷമായും പരോക്ഷമായും സംഭവിക്കുന്നുണ്ട്. എന്നാൽ സത്യത്തിനെതിരെ പുറംതിരിഞ്ഞു നിൽക്കുന്നവർ ഏറെയാണ്.

3. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര, പീഡാനുഭവ, മരണ, ഉത്ഥാനസത്യങ്ങളുടെ പരമമായ ലക്ഷ്യം എന്താണെന്ന് വെളിപ്പെടുത്തുന്നതാണ് അവസാന തിരുവചനങ്ങൾ. തിരുലിഖിതങ്ങൾ ഗ്രഹിക്കാൻതക്കവണ്ണം അവരുടെ മനസ്സുതുറന്ന യേശുവിന്റെ ഉത്ഥാനം വിശ്വസിക്കുന്നതിലൂടെ മാത്രമേ, തിരുലിഖിതങ്ങളുടെ അർത്ഥം പൂർണമാവുകയുള്ളൂ. യേശുവിനോട് ചേർന്നുവേണം വിശുദ്ധ ഗ്രന്ഥത്തെ മുഴുവൻ മനസ്സിലാക്കാൻ. ക്രിസ്തുവിന്റെ ഈ പെസഹാരഹസ്യങ്ങൾ മനുഷ്യകുലത്തെ മുഴുവൻ പശ്ചാത്താപത്തിലേക്കും പാപമോചനത്തിലേക്കും നയിക്കണം. ആ സത്യമാണ് നാം എല്ലാവരോടും പങ്കുവയ്ക്കേണ്ടതായ ഉത്ഥാനസന്ദേശം. ഉത്ഥാനംചെയ്ത യേശുവിലൂടെ എല്ലാ മനുഷ്യമക്കൾക്കും പാപമോചനം സംലഭ്യമായി. മനുഷ്യർക്ക് ഒരു പുതുജീവിതം പ്രത്യാശയോടെ വീണ്ടും തുടങ്ങാം. ജയിലിലടക്കപ്പെട്ടവർക്ക് മോചനം ലഭിക്കുമ്പോഴുള്ള ആനന്ദത്തിന്റെ ധ്വനിയാണ്, മനുഷ്യനെ ബന്ധിച്ചിട്ടിരുന്ന പാപച്ചങ്ങല നമുക്കുവേണ്ടി യേശു പൊട്ടിച്ചെറിഞ്ഞു എന്നറിയുമ്പോൾ അനുഭവപ്പെടുന്നത്.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## ക്രിസ്തുദർശനം

ഈശോയെ വീട്ടിലേക്ക് ക്ഷണിച്ച ഫരിസേയനായ ശിമയോനെയും പാപിനിയെയും സുവിശേഷം ഇന്ന് നമുക്കു പരിചയപ്പെടുത്തിത്തരുന്നു. ദൈവവിശ്വാസത്തിന്റെയും ദൈവവുമായുള്ള ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഈ രണ്ടുപേരെയും സുവിശേഷകൻ അടയാളപ്പെടുത്തുന്നത് രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്നവരായാണ്. ഇവരുടെ കാഴ്ചപ്പാടുകളും വ്യത്യസ്തം.

ഫരിസേയന്റെ ജീവിതത്തിലേക്ക് നോക്കുമ്പോൾ യേശുവിനെ സ്വന്തം ഭവനത്തിലേക്ക് ക്ഷണിച്ച ശിമയോന് യേശുവിലുള്ള ദൈവത്വത്തെ തിരിച്ചറിയാൻ സാധിക്കാതെവരുന്നു. അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും പാരമ്പര്യനിയമങ്ങളിലും കാർക്കശ്യമനോഭവക്കാരനായ ഒരു ഫരിസേയന് എന്തുകൊണ്ടോ ക്രിസ്തുവിന്റെ ദൈവി

കസ്വഭാവത്തെ അനുഭവിക്കാനോ വേണ്ടപോലെ ആദരിക്കാനോ സാധിക്കാതെവരുന്നു. ക്രിസ്തുവിന്റെ പ്രവൃത്തികളും ഇടപെടലുകളും അവനെ കൂടുതൽ അസ്വസ്ഥനാക്കിത്തീർക്കുന്നു. അവന്റെ അടുത്ത് എത്തുന്ന പാപിനിയും അവളുടെ മാനസാന്തരവും അവനെ അസ്വസ്ഥനാക്കുന്നു. ഈ ഫരിസേയന്റെ സ്വഭാവം നമ്മുടെ വിശ്വാസജീവിതത്തിലും കടന്നുകൂടുന്നുണ്ട്. മറ്റുള്ളവന്റെ ജീവിതത്തിലേക്ക് നോട്ടവും ശ്രദ്ധയും പതിപ്പിച്ചിരിക്കുന്നതുകൊണ്ട് ദൈവത്തിലേക്കുള്ള നോട്ടം ഇല്ലാതാകുന്നു. എന്റെ ഭവനം ക്രിസ്തുവിന് കടന്നുവരാൻ മാത്രമല്ല അവന് പ്രവർത്തിക്കുന്നതിനും ഇടനൽകുമ്പോഴാണ് ഞാൻ അനുഗൃഹീതമാകുന്നത്. ചിലപ്പോഴൊക്കെ ക്രിസ്തുവിലേക്ക് അടുക്കുന്നവനെ അകലെനിന്ന് വിധിക്കാനും നമ്മൾ തയ്യാറാകുമ്പോഴൊക്കെ ഒരു ഫരിസേയൻ എന്നിൽ ഉയിർക്കുകയാണ്. എന്റെ നോട്ടം ക്രിസ്തുവിൽനിന്നു മാറി, മറ്റുള്ളവരിലേക്കാകുമ്പോൾ, അറിയാതെ ക്രിസ്തുവഴികളെ ഞാൻ വിസ്മരിക്കുന്നു, എന്റെ മാനസാന്തരം നടക്കുന്നില്ല. ഞാൻ ചെയ്യേണ്ടത് മറന്നുപോകുന്നു. മറ്റുള്ളവരെ വിധിക്കുന്നു.

ഇവിടെയാണ് പാപിനി തികച്ചും വ്യത്യസ്തയാകുന്നത്. അവൾക്കുമുമ്പിൽ ക്രിസ്തുമാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ മറ്റൊന്നും അവളുടെ ശ്രദ്ധയിൽ വന്നില്ല. ദൈവകരങ്ങളിൽ ശ്രദ്ധ പതിക്കുന്നവന് മറ്റുള്ളവ എത്ര നിസ്സാരം. നമ്മുടെ ആത്മീയജീവിതവും ദൈവത്തോടുള്ള ബന്ധവുമൊക്കെ ബലമില്ലാത്തതും ആഴമില്ലാത്തതും ആയിരിക്കുന്നെങ്കിൽ അതിന്റെ കാരണം മറ്റുള്ളവർ എന്തുവിചാരിക്കുമെന്ന നമ്മുടെ ആധികളാണ്. സ്വന്തം പാപം തിരിച്ചറിയാനും ഏറ്റുപറയാനും തയ്യാറാകുമ്പോൾ ക്രിസ്തുവിനെ നമുക്കുമുമ്പിൽ കാണാനാവും.

ഈശോ നടത്തുന്ന പ്രതികരണങ്ങളും ഇടപെടലുകളും നമ്മുടെ ശ്രദ്ധയിൽ പതിയേണ്ടതുണ്ട്. അപ്രതീക്ഷിതമായ സമൂഹത്തിലെ അസ്വസ്ഥത ഈശോയെ ബുദ്ധിമുട്ടിക്കുന്നില്ല. അവളുടെ വായിൽ നിന്ന് ഒരുവാക്കുപോലും വന്നില്ലെങ്കിലും അവളുടെ കണ്ണീരിന്റെ ഭാഷ ക്രിസ്തു വായിച്ചെടുത്തിട്ടുണ്ടായിരുന്നു. നമ്മുടെ ജീവിതത്തിന്റെ ദുഃഖഭാവങ്ങൾ വാക്കിലൊതുക്കാനാവാതെ നെടുവീർപ്പുകളായിമാത്രം നിലകൊള്ളുമ്പോൾ അതു വായിച്ചെടുക്കുന്ന ഒരു ദൈവം നമ്മു

Date of Publication: 13 April 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 102)

ടെ കൂടെയുണ്ട്. മനുഷ്യന് മനസ്സിലാകാത്ത ഹൃദയതാപത്തെ അടുത്തിരുന്ന് മനസ്സിലാക്കാൻ ഈശോയ്ക്ക് സാധിക്കും. അതുകണ്ട് മനുഷ്യർ നിന്നെ കുറ്റംവിധിക്കുമ്പോൾ നിനക്കുവേണ്ടി വാദിക്കാൻ ക്രിസ്തുതന്നെ മുമ്പോട്ടുവരും. അത് അവിടുന്ന് നൽകുന്ന ഉറപ്പാണ്.

പ്രിയമുള്ളവരേ, വിശുദ്ധ തോമസ് അക്വീനോസ് പറയുന്നതുപോലെ "ദൈവത്തോടുള്ള ഏറ്റവും നിസ്സാരമായ സ്നേഹം എല്ലാ സൃഷ്ടവസ്തുക്കളെക്കാളും അറിവിനെക്കാളും മൂല്യമുള്ളതാണ്. ഫരിസേയന്റെ ശ്രേഷ്ഠസ്ഥാനത്തെയും ബഹുമതിയെയും അവന്റെ അറിവിനെയുംകാൾ ദൈവസന്നിധിയിൽ വിലയുള്ളതായിതീർന്നത് പാപിനിയുടെ സ്നേഹത്തിന്റെയും പശ്ചാത്താപത്തിന്റെയും പ്രവൃത്തികളായിരുന്നു. ഇതുതന്നെയാണ് ക്രിസ്തു നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്; സ്നേഹത്തിന്റെയും എളിമയുടെയും ജീവിതസാക്ഷ്യങ്ങൾ ആയിത്തീരാൻ ദൈവം കൃപ ചൊരിയട്ടെ.

**ഫാ. ജോബിൻ കരിപ്പാശ്ശേരിൽ**

*Printed & Published by Fr. Jacob Naluparayil, Edited by  Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*